2025JANUARY
15
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# അദാനി ഗ്രൂപ്പ് ഓഹരികൾക്ക് വൻ മുന്നേറ്റം; 18% ഉയർന്ന് അദാനി പവർ

**മുംബൈ:** അദാനി ഗ്രൂപ്പിന് കീഴിലെ എല്ലാ ലിസ്റ്റഡ് കമ്പനികളുടെയും ഓഹരികൾ ഇന്നലെ വ്യാപാരം ചെയ്തത് വൻ നേട്ടത്തോടെ. ഇന്നലെ വ്യാപാരം ഉച്ചയ്ക്കത്തെ സെഷനിലേക്ക് കടന്നപ്പോഴേക്കും അദാനി പവർ 18% നേട്ടത്തിലാണുള്ളത്. അദാനി ഗ്രീൻ എനർജി 13.21%, അദാനി എനർജി സൊല്യൂഷൻസ് 12.62%, അദാനി ടോട്ടൽ ഗ്യാസ് 11.33% എന്നിങ്ങനെയും ഉയർന്നു.

അദാനി എന്റർപ്രൈസസ് 7.60%, അദാനി പോർട്സ് 5.42%, എസിസി 2.95%, അംബുജ സിമന്റ് 2.99%, എൻഡിടിവി 6.88%, സാംഘി ഇൻഡസ്ട്രീസ് 2.84% എന്നിങ്ങനെയും മുന്നേറി വ്യാപാരം ചെയ്യുന്നു. അദാനി ഗ്രൂപ്പ് ഓഹരി പങ്കാളിത്തം വിറ്റൊഴിയുന്ന അദാനി വിൽമർ 0.78 ശതമാനവും നേട്ടത്തിലാണ്.



അദാനി ഗ്രൂപ്പ് ഓഹരികളുടെ ഇന്നലത്തെ 'അപ്രതീക്ഷിത മുന്നേറ്റത്തിന്' പലകാരണങ്ങളാണ് നിരീക്ഷകർ ചൂണ്ടിക്കാട്ടുന്നത്. നടപ്പുവർഷത്തെ (202425) മൂന്നാംപാദത്തിൽ (ഒക്ടോബർഡിസംബർ) 28,455 കോടി രൂപ മതിക്കുന്ന വൈദ്യുതി വിതരണ ഓർഡറുകൾ നേടിയതാണ് അദാനി എനർജി സൊല്യൂഷൻസിന് നേട്ടമായതെന്ന് റിപ്പോർട്ടുകളുണ്ട്. ഗുജറാത്ത്, രാജസ്ഥാൻ എന്നിവിടങ്ങളിൽ നിന്നാണ് ഓർഡറുകൾ ലഭിച്ചത്.

മറ്റൊന്ന്, യുഎസ് പ്രസിഡന്റ് ആയി ഡോണൾഡ് ട്രംപ് തിരിച്ചെത്തുന്നതോടെ, അദാനി ഗ്രൂപ്പിന് രാജ്യാന്തരതല മൂലധന സമാഹരണം എളുപ്പമാകുമെന്ന വിലയിരുത്തലുകളാണ്. യുഎസിൽ അദാനി ഗ്രൂപ്പ് നേരിടുന്ന 'കൈക്കൂലി' കേസ് ട്രംപിന്റെ ഭരണകാലത്ത് തിരിച്ചടിയാകില്ലെന്ന വിലയിരുത്തലുകളുമുണ്ട്.

ഓഹരി വിപണിയുടെ ഇന്നലത്തെ തിരിച്ചുകയറ്റം പൊതുവായി മറ്റ് ഓഹരികൾക്കെന്ന പോലെ അദാനി ഗ്രൂപ്പിനും ഗുണം ചെയ്തുവെന്ന് ചിലർ നിരീക്ഷിക്കുന്നു.

## ഇന്ത്യൻ സൈന്യത്തിന് കരുത്തായി പടക്കപ്പലുകൾ ; പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് രാജ്യത്തിന് സമർപ്പിക്കും

**മുംബൈ:** ഇന്ത്യൻ സൈന്യത്തിനു കരുത്തായി കൂടുതൽ പടക്കപ്പലുകൾ. യുദ്ധക്കപ്പലുകളായ ഐഎൻഎസ് സൂറത്ത്, ഐഎൻഎസ് നീലഗിരി, മുങ്ങിക്കപ്പൽ ഐഎൻഎസ് വാഗ്ഷീർ എന്നിവ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നു രാജ്യത്തിനു സമർപ്പിക്കും. രാവിലെ ദക്ഷിണ മുംബൈയിലെ നേവൽ ഡോക്യാഡിലാണ് പരിപാടി. വൈകിട്ട് അഞ്ചിന് നവിമുംബൈയിലെ ഖാർഘറിൽ ഇസ്കോൺ ക്ഷേത്രവും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

ലോകത്തെ തന്നെ ഏറ്റവും വലുതും അത്യാധുനികവുമായ യുദ്ധക്കപ്പലുകളിൽ ഒന്നാണ് ഐഎൻഎസ് സൂറത്ത്. നാവികസേനയുടെ 'വാർഷിപ് ഡിസൈൻ ബ്യൂറോ' രൂപകൽപന ചെയ്ത ഐഎൻഎസ് നീലഗിരിയിലും അത്യാധുനിക സംവിധാനങ്ങൾ സജ്ജമാണ്. മുങ്ങിക്കപ്പൽ നിർമാണത്തിൽ ഇന്ത്യയുടെ വൈദഗ്ധ്യത്തിന്റെ അടയാളമാണ് ഐഎൻഎസ് വാഗ്ഷീർ.

## ഉരുൾപൊട്ടൽ ദുരന്തബാധിതർക്കായി ടൗൺഷിപ്: ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ഹാരിസൺ വീണ്ടും ഹൈക്കോടതിയിൽ

**കൊച്ചി:** വയനാട് മുണ്ടക്കൈ ചൂരൽമല ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനുള്ള മോഡൽ ടൗൺഷിപ് നിർമിക്കാൻ തങ്ങളുടെ ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ഹാരിസൺ മലയാളം ലിമിറ്റഡ് ഹൈക്കോടതി ഡിവിഷൻ ബെഞ്ചിനെ സമീപിച്ചു. ഹാരിസണിന്റെയും എൽസ്റ്റൺ ടീ എസ്റ്റേറ്റിന്റെയും ഭൂമി ഏറ്റെടുക്കുന്നതിനെതിരെയുള്ള ഹർജികൾ തീർപ്പാക്കിയ ഹൈക്കോടതി സിംഗിൾ ബെഞ്ച് വിധിക്കെതിരെയാണ് പുതിയ ഹർജി.

വൈത്തിരിയിൽ ഹാരിസൺ നെടുമ്പാല എസ്റ്റേറ്റിന്റെ 65.41 ഹെക്ടർ ഭൂമിയും കൽപറ്റയിൽ എൽസ്റ്റൺ എസ്റ്റേറ്റിന്റെ 78.73 ഹെക്ടർ ഭൂമിയും ദുരന്തനിവാരണ നിയമപ്രകാരം ഏറ്റെടുക്കാൻ ഒക്ടോബർ 4ന് സർക്കാർ ഉത്തരവിറക്കിയത് സിംഗിൾ ബെഞ്ച് ശരിവച്ചിരുന്നു.

## മഞ്ഞൾ ഉൽപാദന, കയറ്റുമതിയിൽ ഭാരതം മുന്നിൽ; കേന്ദ്രമന്ത്രി പീയുഷ് ഗോയൽ

**നിസാമാബാദ്/ കൊച്ചി:** സുഗന്ധവ്യഞ്ജനങ്ങളിൽ 'സുവർണ്ണ' സ്ഥാനം അലങ്കരിക്കുന്ന മഞ്ഞളിന്റെ ഉൽപാദന, കയറ്റുമതിയിൽ രാജ്യം ആഗോള നേതൃ നിരയിലാണെന്ന് കേന്ദ്ര വാണിജ്യ, വ്യവസായ മന്ത്രി പീയുഷ് ഗോയൽ പറഞ്ഞു.



നിസാമാബാദിൽ സ്ഥാപിച്ച നാഷണൽ ടർമറിക് ബോർഡ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 'മഞ്ഞൾ എന്നത് ഗോൾഡൻ സ്പൈസാണ്. സുഗന്ധവ്യഞ്ജനങ്ങളിൽ പ്രത്യേക സ്ഥാനവും മഞ്ഞളിനുണ്ട്. മഹാരാഷ്ട്ര, തമിഴ്നാട്, ആന്ധ്രപ്രദേശ്, തെലുങ്കാന, മധ്യപ്രദേശ്, മേഘാലയ തുടങ്ങി രാജ്യത്തെ ഇരുപതോളം സംസ്ഥാനങ്ങളിലെ മഞ്ഞൾ കൃഷിയുടെ സമഗ്രമായ വികസനവും കർഷകരുടെ ക്ഷേമവുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഗുണമേന്മയുള്ള മഞ്ഞൾ ഉൽപാദിപ്പിക്കുന്ന ആന്ധ്രപ്രദേശിലെയും തെലുങ്കാനയിലെയും കാർഷിക മേഖലയ്ക്ക് വലിയ സാധ്യതകളാണുള്ളത്. മഞ്ഞൾ കാർഷിക മേഖലയ്ക്ക് പ്രോത്സാഹനം നൽകി രാജ്യത്തുടനീളമുള്ള മഞ്ഞൾ ഉൽപാദകരുടെ വരുമാനം വർധിപ്പിക്കുകയാണ് നാഷണൽ ടർമറിക് ബോർഡ് സ്ഥാപിക്കുന്നതിലൂടെ ലക്ഷ്യമിടുന്നതെന്നും മന്ത്രി പറഞ്ഞു.ലോകത്തെ മഞ്ഞൾ ഉൽപാദനത്തിൽ 70 ശതമാനവും ഭാരതതത്തിലാണ് നടക്കുന്നത്. കഴിഞ്ഞ വർഷത്തിൽ 10.74 ലക്ഷം ടൺ മഞ്ഞളാണ് രാജ്യത്ത് വിളവെടുത്തത്. മഞ്ഞളിന്റെയും അനുബന്ധ ഉൽപന്നങ്ങളുടെയും ഗവേഷണത്തിനും വികസനത്തിനും പ്രോത്സാഹനം നൽകുന്ന ബോർഡിൽ വിവിധ മന്ത്രാലയങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഭാഗമാകും. വിവിധ കയറ്റുമതി, ഉൽപാദക സംഘങ്ങളും ബോർഡുമായി സഹകരിക്കും. വിദേശരാജ്യങ്ങളിൽ ഇന്ത്യൻ മഞ്ഞളിനും മൂല്യവർധിത ഉൽപനങ്ങൾക്കും ആവിശ്യക്കാരേറെയാണ്. സാ ഹചര്യം പരമാവധി ഉപയോഗപ്പെടുത്താനാണ് ശ്രമിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. ചടങ്ങിൽ കേന്ദ്ര ആഭ്യന്തര സഹമന്ത്രി ബണ്ടി സഞ്ജയ് കുമാർ, നിസാമാബാദ് എം പി അരവിന്ദ് ധർമപുരി, നാഷണൽ ടർമറിക് ബോർഡ് ചെയർപേഴ്സൺ പല്ലെ ഗംഗ റെഡ്ഡി, എംഎൽഎമാരായ ധൻപാൽ സൂര്യനാരായണ, പൈദി രാകേഷ് റെഡ്ഡി, കേന്ദ്ര വ്യവസായ വകുപ്പ് ജോയിന്റ് സെക്രട്ടറി കെസാങ് യാങ്സോം ഷെർപ്പ, സ്പൈസസ് ബോർഡ് സെക്രട്ടറി പി ഹേമലത, സ്പൈസസ് ബോർഡ് ഡയറക്ടറും നാഷണൽ ടർമറിക് ബോർഡ് സെക്രട്ടറിയുമായ ഡോ. എ.ബി. രമ ശ്രീ എന്നിവർ പങ്കെടുത്തു.





ജെ.എസ്.എസ് സംസ്ഥാന കമ്മിറ്റി ഓഫിസ് എറണാകുളം നോർത്ത് സെന്റ് വിൻസെന്റ് റോഡിൽ സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.എ. എൻ രാജൻ ബാബു. പ്രസിഡന്റ് പ്രൊഫ. എ.വി താമരാക്ഷൻ എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു. ജില്ലാ സെക്രട്ടറി വി. കെ സുനിൽകുമാർ സമീപം

# വന നിയമഭേദഗതി: അറസ്റ്റ് നിലനിൽക്കില്ല: അഡ്വ.എ. എൻ രാജൻ ബാബു

**കൊച്ചി:** ബീറ്റ് ഓഫിസർക്ക് വനപാലകരുടെ കർത്തവ്യം തടസപ്പെടുത്തിയാൽ മജിസ്ട്രേറ്റിന്റെ ഉത്തരവോ വാറണ്ടോ ഇല്ലാതെ അറസ്റ്റു ചെയ്യാമെന്ന വനനിയമത്തിന്റെ പുതിയ ഭേദഗതി നിയമപരായി നിലനിൽക്കില്ലെന്ന് ജെ.എസ്.എസ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.എ. എൻ രാജൻ ബാബു. ജെ.എസ്.എസ് സംസ്ഥാന കമ്മിറ്റി ഓഫിസ് എറണാകുളം നോർത്ത് സെന്റ് വിൻസെന്റ് റോഡിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വനപാലകരുടെ കർത്തവ്യതടസം കുറ്റകൃത്യമായി വനനിയമത്തിൽ കൊണ്ടുവന്നിട്ടില്ല. ഭാരതീയ നീതി ന്യായ സംഹിതയിൽ ജാമ്യം ഉള്ള കുറ്റകൃത്യമായിട്ടാണ് അതിപ്പോഴും കിടക്കുന്നത്. ഇതിന്റെ നടപടികൾ സിആർപിസി പ്രകാരം പോലിസ് ഓഫിസർക്കാണ് ഉള്ളതെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാന പ്രസിഡന്റ് പ്രൊഫ. എ.വി താമരാക്ഷൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന ഭാരവാഹികളായ ബാലരാമപുരം സുരേന്ദ്രൻ, കാട്ടുകുളം സലിം, പി.സി ജയൻ, സെന്റർ അംഗങ്ങളായ അഡ്വ. കെ.വി ഭാസി, പ്രസാദ്, സുരേഷ് കുട്ടനാട്, ദാസൻ പാലപ്പിള്ളി, ജില്ലാ സെക്രട്ടറി വി. കെ സുനിൽകുമാർ, ജില്ലാ പ്രസിഡന്റ് മധു അയ്യമ്പിള്ളി തുടങ്ങിയവർ സംസാരിച്ചു.

## കള്ള് ഷാപ്പ് : സർക്കാർ നയം ഉദ്യോഗസ്ഥർ അട്ടിമറിക്കുന്നുവെന്ന് കള്ള് ഷാപ്പ് ലൈസൻസി അസോസിയേഷൻ




കെ.ഡി.രാജരത്നം, ജോമി പോൾ

**കൊച്ചി:** കള്ള് ഷാപ്പുകൾ കുടുംബസമേതം വന്ന് ഭക്ഷണം കഴിക്കാവുന്ന ഇടമാക്കണമെന്ന സർക്കാർ നയം ചില ഉദ്യോഗസ്ഥർ അട്ടിമറിക്കുകയാണെന്ന് കള്ള് ഷാപ്പ് ലൈസൻസി അസോസിയേഷൻ എറണാകുളം ജില്ലാ സമ്മേളനം കുറ്റപ്പെടുത്തി. ഭക്ഷണം കഴിക്കാൻ വരുന്ന കുടുംബത്തോടൊപ്പം കുട്ടികൾ ഉണ്ടെങ്കിൽ അബ്കാരി നിയമവും ചട്ടവും പറഞ്ഞ് ചില ഉദ്യോഗസ്ഥർ ഷാപ്പ് ലൈസൻസിയുടെയും വിൽപ്പനക്കാരുടെയും മേൽ കേസെടുക്കുന്നത് അംഗീകരിക്കാൻ കഴിയില്ലെന്നും ഇത് വ്യവസായത്തെ പിന്നോട്ടടിപ്പിക്കുന്ന സമീപനമാണെന്നും കള്ള് ഷാപ്പ് ലൈസൻസി അസോസിയേഷൻ എറണാകുളം ജില്ലാ സമ്മേളനം ചൂണ്ടിക്കാട്ടി. കള്ള് ഷാപ്പുകളുടെ ദൂര പരിധി 200 മീറ്റർ ആയികുറയ്ക്കുക, അട്ടപ്പാടിയിലെ തെങ്ങുകളും ചെത്താൻ അനുവദിക്കുക, ഷാപ്പുകളുടെ പ്രവർത്തന സമയം രാവിലെ ഏഴു മുതൽ രാത്രി 10 വരെയാക്കുക, കള്ള്ഷാപ്പുകളുടെ ലൈസൻസ് ദീർഘകാല അടിസ്ഥാനത്തിൽ നൽകുക, സ്റ്റാർച്ച് കേസിൽ പിഴ അടച്ച് തീർപ്പാക്കാൻ അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങളും സമ്മേളനം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. പെരുമ്പാവൂർ ഫാസ് ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിൽ ജില്ലാ പ്രസിഡന്റായി കെ.സി.രാജരത്നത്തിനെയും, സെക്രട്ടറിയായി ജോമി പോളിനെയും വീണ്ടു തിരഞ്ഞെടുത്തു.

# ശ്രീപാർവ്വതിദേവിയുടെ നടയിൽ അഴകായി ഗിരിജാകല്യാണം

**തിരുവൈരാണിക്കുളം ശ്രീമഹാദേവ ക്ഷേത്രത്തിൽ ചുമർചിത്രം സമർപ്പിച്ച് ഭക്തൻ**

**കൊച്ചി:** തിരുവൈരാണിക്കുളം ശ്രീമഹാദേവ ക്ഷേത്രത്തിൽ ശ്രീപാർവ്വതിദേവിയുടെ നടയിൽ ചുമർചിത്രം സമർപ്പിച്ച് ഭക്തൻ. അങ്കമാലി വേങ്ങൂർ സ്വദേശി രവിശങ്കർ മേനോനാണ് വഴിപാടായി ചിത്ര സമർപ്പണം നടത്തിയത്. കേരളീയ ചുവർച്ചിത്ര രചനാ സമ്പ്രദായത്തിൽ രചിച്ച പാർവതി സ്വയംവരം(ഗിരിജാകല്യാണം) ആലേഖനം ചെയ്ത ചിത്രമാണ് ദേവിയുടെ തിരുനടയിൽ സമർപ്പിച്ചത്.അങ്കമാലി സ്വദേശികളായ സുജാത അനിൽകുമാർ, അഭിലാഷ് അരവിന്ദ് എന്നിവർ ചേർന്നാണ് ചിത്രം വരച്ചത്. ക്ഷേത്രം മേൽശാന്തി നടുവം നാരായണൻ നമ്പൂതിരിപ്പാട് ചിത്രം അനാശ്ചാദനം നടത്തി. ക്ഷേത്ര ട്രസ്റ്റ് പ്രസിഡന്റ് പി യു രാധാകൃഷ്ണൻ, സെക്രട്ടറി എ എൻ മോഹനൻ, മാനേജർ എം കെ. കലാധരൻ, മറ്റ് ട്രസ്റ്റ് ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.മൂന്നു വർഷം മുൻപ് ക്ഷേത്രത്തിന്റെ ബലിക്കൽപുരയിൽ ക്ഷേത്ര പ്രതിഷ്ഠയുമായും ശിവ കുടുംബവുമായും ബന്ധപ്പെട്ട ചുമർചിത്രം സ്ഥാപിച്ചിരുന്നു



പാർവതി സ്വയംവരം ആലേഖനം ചെയ്ത ചിത്രം തിരുവൈരാണിക്കുളം ശ്രീമഹാദേവ ക്ഷേത്രത്തിൽ സമർപ്പിച്ചപ്പോൾ

# ആലുവ യുസി കോളേജിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം

**കൊച്ചി:** ആലുവ യു.സി കോളേജിലെ സ്കൂൾ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസിന്റെ നേതൃത്വത്തിൽ ജനുവരി 20 മുതൽ 25 വരെ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം സംഘടിപ്പിക്കും. 'രാജ്യത്ത് അതിവേഗം വളർന്നു കൊണ്ടിരിക്കുന്ന മാധ്യമ രംഗത്തും ഗ്രാമീണ സംരംഭകത്വ വികസനത്തിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പങ്ക്' എന്നതാണ് പ്രോഗ്രാമിന്റെ പ്രമേയം.എഐ അധിഷ്ഠിതമായ മാധ്യമ ഉള്ളടക്ക സൃഷ്ടിയിലെ ഏറ്റവും പുതിയ പ്രവണതകളും ഗ്രാമീണ സംരംഭകത്വത്തിലെ പ്രയോഗങ്ങളും പരിശോധിക്കുന്നതിനാണ് എഐസിടിഇ (ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ) പിന്തുണയോടെ സംഘടിപ്പിക്കുന്ന ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം രൂപകൽപ്പന ചെയ്തിരിക്കുന്നത്.

മാധ്യമ പ്രവർത്തകർ , അധ്യാപകർ, സാങ്കേതിക വിദഗ്ധർ, ഗവേഷകർ, സർക്കാർ ഉദ്യോഗസ്ഥർ, എൻജിഒ പ്രതിനിധികൾ, ചെറുകിട സംരംഭകർ എന്നിവർക്ക് പങ്കെടുക്കാം. അനുബന്ധ മേഖലകളിലെ പരിചയ സമ്പന്നരായ പ്രമുഖർ 13 സെഷനുകൾ നയിക്കും. ജനറേറ്റീവ് എഐയുടെ വളർച്ച, വ്യാജ വാർത്ത കണ്ടെത്തൽ, സോഷ്യൽ മീഡിയ ഉള്ളടക്ക സൃഷ്ടി, മൾട്ടിമീഡിയ, വിഷ്വൽ സ്റ്റോറിടെല്ലിംഗ്, പ്രോഡക്റ്റ് ബ്രാൻഡിംഗ്, ബിസിനസിനായി രൂപകൽപന ചെയ്തിട്ടുള്ള എഐ ചാറ്റ്ബോട്ടുകൾ, അഡ്വാൻസ്ഡ് പ്രോംപ്റ്റ് എഞ്ചിനീയറിംഗ് ഉൾപ്പെടെ പ്രോഗ്രാമിൽ ചർച്ച ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് 9447189662




# ദേശീയ അബാക്കസ് ടാലന്റ് ചാമ്പ്യൻഷിപ് നടത്തി

**കൊച്ചി:** പതിനേഴാമത് എസ് എം എ അബാക്കസ് നാഷണൽ ടാലൻറ് കോണ്ടസ്റ്റ് കൊച്ചിയിൽ നടന്നു.
കലൂർ റിന്യൂവൽ സെൻററിൽ നടന്ന 14 വയസ്സിൽ താഴെയുള്ളവരുടെ ദേശീയ അബാക്കസ് മേള ജസ്റ്റിസ് പി എസ് ഗോപിനാഥൻ ഉദ്ഘാടനം ചെയ്തു. കൊച്ചി മെട്രോ' എം ഡി ലോക്നാഥ് ബഹ്റ മുഖ്യാതിഥിയായിരുന്നു. കേരള സിബിഎസ്ഇ മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡൻറ് ടി പി എം ഇബ്രാഹിം ഖാൻ അധ്യക്ഷനായിരുന്നു. എസ് എം എ അബാക്കസ് ചെയർമാൻ ആർ ജി സുരേഷ് ബാബു മുഖ്യപ്രഭാഷണം നടത്തി.

ബഹ്റിൻ ന്യൂ ഇന്ത്യൻ സ്കൂളിലെ ആഗ്നേയ ആഷിഷും കോട്ടയം വടവാതൂർ കേന്ദ്രീയ വിദ്യാലയ റബ്ബർ ബോർഡ് സ്കൂളിലെ ഐശ്വര്യ അജിത്തും മെന്റൽ മാത് ഓറൽ മത്സരത്തിൽ തുല്യ പോയിന്റുകൾ നേടി മേളയിലെ ചാമ്പ്യൻപട്ടം പങ്കിട്ടു. ന്യൂസിലാൻഡ് വെല്ലിംഗ്ടണിലെ തവ ഇന്റർമീഡിയറ്റ് സ്കൂളിലെ അൻവിത മേനോൻ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. സീനിയർ വിഭാഗം മത്സരത്തിൽ ആൻവി മെൽവിൻ (രാജഗിരി അമല സിഎംഐ പബ്ലിക് സ്കൂൾ, വൈക്കം) ചാമ്പ്യനായി. ആദിഷ് എ.എസ് (പി പി എം എച്ച് എസ് ,കാരക്കോണം, തിരുവനന്തപുരം), ശിഖടി (എസ് ഡി കെ വൈ ഗുരുകുല വിദ്യാലയ, ഏരൂർ, എറണാകുളം) എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. ജൂനിയർ ഭാഗത്തിൽ ആഗ്നേയ അസീഷ് ചാമ്പ്യനും അഭിനവ് പി. സുധീഷ് (ഭാവൻസ് സ്കൂൾ, എളമക്കര, എറണാകുളം), സീതാലക്ഷ്മി എം (ഗുഡ് ഷെപ്പേർഡ് സ്കൂൾ, ആക്കുളം, തിരുവനന്തപുരം) എന്നിവർ രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി. 600 വർഷത്തിനുള്ളിലെ കലണ്ടറിലെ തീയതിയും ദിവസവും കൃത്യമായി പറയുന്ന മെമ്മറി ടെക്നിക് ഡെമോ, 2, 3 അക്കങ്ങളുടെ പട്ടിക വായിക്കൽ, മൾട്ടി ടാസ്കിംഗ് എന്നിവയായിരുന്നു മറ്റു മത്സരങ്ങൾ. രാജ്യത്തിന് അകത്തും പുറത്തുനിന്നുള്ള വിവിധ സ്കൂളുകളിലെ 3000ത്തിൽ പരം വിദ്യാർത്ഥികൾ മേളയിൽ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY



എറണാകുളം ശ്രീ അയ്യപ്പൻകോവിലിൽ മകരവിളക്ക് മഹോൽസവത്തിന്റെ സമാപന ദിനമായ ഇന്നലെ നടന്ന ഏഴ് ഗജവീരൻമാർ അണിനിരന്ന പകൽപ്പൂരം.

## കാഴ്ചപരിമിതിയുള്ള വനിതകളുടെ ദേശീയ ടി20 ക്രിക്കറ്റ്: കേരളത്തിനു തോൽവി

**കൊച്ചി:** കാഴ്ചപരിമിതിയുള്ള വനിതകളുടെ ഇൻഡസ്ഇൻഡ് ബാങ്ക് ദേശീയ ടി20 ക്രിക്കറ്റ് ടൂർണമെന്റിൽ തമിഴ് നാടിനെതിരെ കേരളത്തിനു തോൽവി. രണ്ടാം മത്സരത്തിൽ തമിഴ്നാട് കേരളത്തെ 5 വിക്കറ്റിനാണ് പരാജയപ്പെടുത്തിയത്.ആലുവ യു സി കോളജിൽ നടന്ന മത്സരത്തിൽ ടോസ് ജയിച്ച തമിഴ്നാട് കേരളത്തെ ബാറ്റിങ്ങിനയച്ചു. 77 റൺസ് നേടിയ ഓപ്പണർ അദ്വൈതയുടെയും 60 റൺസ് നേടിയ ക്യാപ്റ്റൻ സാന്ദ്ര ഡേവിസിന്റെയും മികവിൽ കേരളം 2 വിക്കറ്റ് നഷ്ടത്തിൽ 178 റൺസ് നേടി. മറുപടി ബാറ്റിങ്ങിൽ തമിഴ്നാട് 20 ഓവറിൽ നിന്ന് 5 വിക്കറ്റ് നഷ്ടത്തിൽ 181 റൺസ് നേടി വിജയം കണ്ടു. അവസാന പന്തുവരെ ആവേശം നിറഞ്ഞ മത്സരത്തിൽ 61 റൺസ് നേടിയ തമിഴ്നാടിന്റെ സിന്ധു കളിയിലെ താരമായി.ചൊവ്വാഴ്ച് നടന്ന മറ്റ് മത്സരങ്ങളിൽ ജാർഖണ്ഡ് ബീഹാറിനെ 10 വിക്കറ്റിന് പരാജയപ്പെടുത്തിയപ്പോൾ ഗുജറാത്തിനെതിരെ കർണാടക 4 വിക്കറ്റിന് വിജയിച്ചു. ആന്ധ്രാപ്രദേശ് 9 വിക്കറ്റിനാണ് മഹാരാഷ്ട്രയെ തോല്പിച്ചത്. ചണ്ഡീഗഡ് വിദർഭയെ 10 വിക്കറ്റിനും പരാജയപ്പെടുത്തി. ഒഡിഷ 8 വിക്കറ്റിന് പശ്ചിമ ബംഗാളിനെ പരാജയപ്പെടുത്തിയപ്പോൾ രാജസ്ഥാൻ ഹരിയാനയെ 10 വിക്കറ്റിന് തോല്പിച്ചു. മഴമൂലം തടസം നേരിട്ട മധ്യപ്രദേശ് അസാം വിജെഡി നിയമപ്രകാരം 123 റൺസിന് മധ്യപ്രദേശ് ജയിച്ചു. ഡൽഹി തെലുങ്കാന മത്സരം മഴമൂലം ഉപേക്ഷിച്ചതിനാൽ ഇരു ടീമുകൾക്കും ഓരോ പോയിന്റ് വീതം ലഭിച്ചു.ബുധനാഴ്ചത്തെ മത്സരങ്ങളിൽ ആലുവ യു സി കോളജിൽ രാവിലെ 9 മണിക്ക് ജാർഖണ്ഡ് വിദർഭയെ നേരിടും. ഉച്ചയ്ക് 1 മണിക്ക് ചണ്ഡീഗഡ് ബീഹാർ മത്സരം. തൃപ്പൂണിത്തുറ പാലസ് ഓവൽ ഗ്രൗണ്ടിൽ നടക്കുന്ന ആദ്യ മത്സരത്തിൽ 9 മണിക്ക് ഒഡീഷ അസാമിനെ നേരിടും. ഉച്ചക്ക് ശേഷം ഇതേ മൈതാനിയിൽ മദ്ധ്യപ്രദേശ് പശ്ചിമ ബംഗാളിനെ നേരിടും. കളമശ്ശേരി സെന്റ് പോൾസ് കോളേജിൽ വെച്ച് നടക്കുന്ന ആദ്യ മത്സരത്തിൽ കർണാടക ഹരിയാനയെ നേരിടുമ്പോൾ ഉച്ചക്ക് രാജസ്ഥാൻ ഗുജറാത്ത് മത്സരം. തമിഴ്നാട് ഉത്തർപ്രദേശ് മത്സരം രാവിലെയും ഡൽഹി മഹാരാഷ്ട്ര മത്സരം ഉച്ചക്ക് ശേഷവും അങ്കമാലി ഫിസാറ്റ് കോളേജിൽ നടക്കും. ആലുവ ബ്ലൈൻഡ് സ്കൂൾ ഗ്രൗണ്ടിൽ രാവിലെ ആന്ധ്രാപ്രദേശ് തെലുങ്കാന മത്സരവും നടക്കും.

## കണ്ണൂർ പുഷ്പോത്സവം 16 മുതൽ 27 വരെ പോലീസ് മൈതാനിയിൽ

**കണ്ണൂർ:** ജില്ലാ അഗ്രി ഹോർട്ടികൾച്ചർ സൊസൈറ്റി സംഘടിപ്പിക്കുന്ന കണ്ണൂർ പുഷ്പോത്സവം-25 ജനുവരി 16ന് കണ്ണൂർ പോലീസ് മൈതാനിയിൽ ആരംഭിക്കുമെന്ന് സൊസൈറ്റി സെക്രട്ടറി പി.വി രത്നാകരൻ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. 16 ന് വൈകുന്നേരം ആറിന് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്യും. സൊസൈറ്റി പ്രസിഡന്റ് കൂടിയായ ജില്ലാ കലക്ടർ അരുൺ കെ വിജയൻ അധ്യക്ഷനാവും. മേയർ മുസ്ലിഹ് മഠത്തിൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ.കെ രത്നകുമാരി എന്നിവർ മുഖ്യാതിഥികളാവും. ഈ വർഷത്തെ സംസ്ഥാന കൃഷി അവാർഡ് ജേതാവായ കെ ബിന്ദു, അഗസ്റ്റിൻ തോമസ് എന്നിവരെ പരിപാടിയിൽ അനുമോദിക്കും. പ്രിൻസിപ്പൽ കൃഷി ഓഫീസർ എം.എൻ പ്രദീപൻ സംസാരിക്കും. 12000 ചതുരശ്ര അടിയിൽ ഒരുക്കുന്ന വർണോദ്യാനമാണ് ഇക്കൊല്ലത്തെ മുഖ്യാകർഷണം. സംസ്ഥാനത്തിനകത്തും ഇതര സംസ്ഥാനങ്ങളിൽ നിന്നുമുള്ള നഴ്സറി സ്റ്റാളുകളിൽ വൈവിധ്യമാർന്ന ചെടികളും മറ്റു നടീൽ വസ്തുക്കളും ഔഷധസസ്യങ്ങളും ഉണ്ടാകും. ജൈവ വളം, ജൈവ കീടനാശിനികൾ, മൺപാത്രങ്ങൾ തുടങ്ങിയവയുടെ സ്റ്റാളുകളും കണ്ണാടിക്കൂട്ടിലുള്ള ജലത്തിൽ കൃത്രിമമായി നിർമിക്കുന്ന അകാസ്കേപ്പിങ്ങും പുഷ്പോത്സവത്തിന്റെ ഭാഗമായി ഒരുക്കും. ആറളം ഫാം, കരിമ്പം ഫാം, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ, അനർട്ട്, ഫിഷറീസ്, വനം വകുപ്പ് എന്നിവയുടെ പവലിയനുകളും പുഷ്പോത്സവനഗരിയിൽ ഒരുക്കിയിട്ടുണ്ട്. ഫുഡ് കോർട്ടും, കുട്ടികൾക്കുള്ള അമ്യൂസ്മെന്റ് പാർക്കും സജ്ജമാക്കിയിട്ടുണ്ട്.ജില്ലാ അഗ്രി ഹോർട്ടികൾച്ചർ സൊസൈറ്റി സെക്രട്ടറി പി.വി രത്നാകരൻ, രക്ഷാധികാരി യു.കെ.ബി നമ്പ്യാർ, വൈസ് പ്രസിഡന്റ് ഡോ. കെ.സി വൽസല, ജോയിന്റ് സെക്രട്ടറി എം. കെ മൃദുൽ, മീഡിയ കമ്മിറ്റി കൺവീനർ ടി.പി വിജയൻ എന്നിവർ പ്രസ് ക്ലബിൽ നടന്ന വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.




## ഉന്നതവിദ്യാഭ്യാസ കോൺക്ലേവിന് തുടക്കമായി

**കൊച്ചി:** അന്താരാഷ്ട്രസ്ഥാപനങ്ങളിൽ നിന്നുള്ള വിജ്ഞാനത്തോടൊപ്പം കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി മലയാളി അക്കാദമിക് ഡയസ്പോറയുടെ വൈദഗ്ധ്യത്തെ ബന്ധിപ്പിക്കുന്നതിനുള്ള പുതിയ സംരംഭങ്ങൾ സർക്കാർ വികസിപ്പിക്കുമെന്നും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വ്യാവസായിക പങ്കാളിത്തം ഉറപ്പു വരുത്തുന്ന സഹകരണങ്ങൾക്ക് തുടക്കമാകുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന ഉന്നതവിദ്യാഭ്യാസവകുപ്പിന്റെയും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിൻറെയും (കെഎസ്എച്ച്ഇസി) ആഭിമുഖ്യത്തിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല ആതിഥേയത്വം വഹിക്കുന്ന ഷേപ്പിംഗ് കേരളാസ് ഫ്യൂചർ ഇൻറർനാഷണൽ കോൺക്ലേവ് ഓഫ് ഓൺ നെക്സ്റ്റ്ജെൻ ഹയർ എജുക്കേഷൻ' ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

'മികച്ച അക്കാദമിക അവസരങ്ങളും വൈജ്ഞാനിക അനുഭവങ്ങളും പങ്കുവയ്ക്കുന്ന അന്തർദേശീയ ഉന്നതവിദ്യാഭ്യാസകേന്ദ്രമായി കേരളത്തെ സജ്ജമാക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് ഈ കോൺക്ലേവ് നടക്കുന്നത്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഭാവി നിർണ്ണയിക്കപ്പെടുന്നതിൽ ഒരു സുപ്രധാന ഉത്തരവാദിത്തം ഇതിൽ പങ്കെടുക്കുന്നവർ ഓരോരുത്തർക്കുമുണ്ട്,' മുഖ്യമന്ത്രി പറഞ്ഞു.

ഉന്നതവിദ്യാഭ്യാസമേഖലയിലെ പരിഷ്കാരങ്ങളെക്കുറിച്ചുള്ള വിശദമായ ചർച്ചകൾകളെത്തുടർന്നു നിയമിച്ച മൂന്ന് കമ്മീഷനുകളുടെ നിർദേശങ്ങളുടെ ഭാഗമായി ആരംഭിച്ച നാല് വർഷ ബിരുദ പ്രോഗ്രാമിന്റെ വിജയം, സർവകലാശാലകളുടെ ഭരണപരമായ പ്രശ്നങ്ങൾക്ക് സാങ്കേതികപരിഹാരങ്ങൾ ഉറപ്പുവരുത്തുന്ന കേരള റിസോഴ്സസ് ഫോർ എജ്യുക്കേഷൻ അഡ്മിനിസ്ട്രേഷൻ ആൻഡ് പ്ലാനിംഗ് (കെറീപ്പ്) എന്ന സംരംഭം എന്നിവയുൾപ്പെടെയുള്ള ശ്രദ്ധേയമായ നേട്ടങ്ങളെക്കുറിച്ചും മുഖ്യമന്ത്രി സംസാരിച്ചു.

സാമ്പത്തിക വെല്ലുവിളികൾ നേരിടുന്നുണ്ടെങ്കിലും, ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കായി നീക്കി വച്ചിരിക്കുന്ന ഫണ്ടുകളെ അത് ബാധിക്കാത്ത വിധമാണ് സർക്കാർ മുന്നോട്ടുപോകുന്നത്. കിഫ്ബി ഫണ്ടിന് പുറമെ കഴിഞ്ഞ സാമ്പത്തിക വർഷം മാത്രം സംസ്ഥാന സർക്കാർ പത്ത് സർവകലാശാലകൾക്ക് 1,830 കോടി രൂപയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിവിധ പദ്ധതികൾക്കായി 3,000 കോടി രൂപയും അനുവദിച്ചു. എന്നാൽ കേന്ദ്രസർക്കാരും യുജിസിയും സ്വീകരിക്കുന്ന നയങ്ങൾ സംസ്ഥാന സർവകലാശാലകളുടെ സ്വയംഭരണത്തിന് ഭീഷണിയാകുക വഴി കൂടുതൽ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വഴിയൊരുക്കുകയും ഉന്നത വിദ്യാഭ്യാസ മേഖലയുടെ തകർച്ചയിലേക്ക് നയിക്കുകയും ചെയ്യുമെന്ന് തിരിച്ചറിയണം. പൊതു സർവ്വകലാശാലകളെ ദോഷകരമായി ബാധിക്കുക മാത്രമല്ല ഇത്തരം ചട്ടങ്ങൾ യു.ജി.സി.യുടെ നിലനില്പിനെത്തന്നെ ബാധിക്കുകയും ചെയ്യും, മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

ചടങ്ങിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ പ്രസിദ്ധീകരിക്കുന്ന ഹയർ എജുക്കേഷൻ മാറ്റേഴ്സ്' എന്ന മാസിക മന്ത്രി ആർ. ബിന്ദുവിന് ആദ്യ കോപ്പി നൽകി മുഖ്യമന്ത്രി പ്രകാശനം ചെയ്തു.

ധനകാര്യ മന്ത്രി കെ. എൻ. ബാലഗോപാലിനു പുറമെ ചടങ്ങിൽ കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ വൈസ് ചെയർപേഴ്സൺ പ്രൊഫ. വി.കെ. രാമചന്ദ്രൻ, ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇഷിത റോയ് ഐഎസ് എന്നിവർ സംസാരിച്ചു.

## ഭക്ഷ്യ സുരക്ഷാ വകുപ്പിന് അത്യാധുനിക മൈക്രോബയോളജി ലാബ്

### മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും

**തിരുവനന്തപുരം:** സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ തിരുവനന്തപുരം കണ്ണാശുപത്രിയ്ക്ക് സമീപം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ് ക്യാമ്പസിലുള്ള ഗവ. അനലിസ്റ്റ്സ് ലബോറട്ടറിയിൽ നിർമ്മാണം പൂർത്തീകരിച്ച ആധുനിക സൗകര്യങ്ങളോട് കൂടിയ മൈക്രോബയോളജി ലാബ് ജനുവരി 15 ബുധനാഴ്ച രാവിലെ 11 മണിക്ക് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും. ആന്റണി രാജു എംഎൽഎ ചടങ്ങിൽ അധ്യക്ഷത വഹിക്കും.

സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലെ മൂന്നാമത്തെ മൈക്രോബയോളജി ലാബാണ് സജ്ജമായതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. എറണാകുളം, കോഴിക്കോട് ജില്ലകളിലെ റീജിയണൽ അനലിറ്റിക്കൽ ലാബുകളിലെ മൈക്രോബയോളജി ലാബുകൾക്ക് പുറമേയാണ് തിരുവനന്തപുരത്തും സജ്ജമാക്കിയത്. മൂന്ന് ലാബുകളിലെയും മൈക്രോബയോളജി വിഭാഗത്തിന് എൻ.എ.ബി.എൽ. അംഗീകാരം സമയബന്ധിതമായി നേടിയെടുക്കാനാണ് പരിശ്രമിക്കുന്നത്. 2022,23, 2023, 24 വർഷങ്ങളിൽ ദേശീയ ഭക്ഷ്യ സുരക്ഷാ സൂചികയിൽ തുടർച്ചയായി ഒന്നാം സ്ഥാനത്താണ് കേരളം. മൈക്രോബയോളജി ലബോറട്ടറിയുടെ പ്രവർത്തനം ആരംഭിക്കുകയും തുടർന്ന് അക്രഡിറ്റേഷനും ലഭിക്കുന്നതോടെ ഭക്ഷ്യ പരിശോധനയിൽ ദേശീയ നിലവാരത്തിലുള്ള മികവ് പുലർത്താൻ സംസ്ഥാനത്തിന് സാധിക്കുമെന്നും മന്ത്രി വ്യക്തമാക്കി.



ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിൽ മൈക്രോബയോളജി പരിശോധനകൾ നിർണായകമായ പങ്ക് വഹിക്കുന്നു. പാലും പാൽ ഉത്പ്പന്നങ്ങളും, പഴങ്ങളും പച്ചക്കറികളും അവയുടെ മറ്റ് ഉത്പ്പന്നങ്ങളും, സുഗന്ധവ്യഞ്ജനങ്ങളും ഔഷധസസ്യങ്ങളും, കുപ്പി വെള്ളം, കുടിവെള്ളം, മാംസവും മാംസ ഉത്പ്പന്നങ്ങളും, മത്സ്യവും മത്സ്യ ഉത്പ്പന്നങ്ങളും, മുട്ടയും മുട്ട ഉത്പ്പന്നങ്ങളും, ആരോഗ്യ സപ്ലിമെന്റുകൾ, ന്യൂട്രാസ്യൂട്ടിക്കൽസ്, പ്രത്യേക ഭക്ഷണക്രമത്തിൽ ഉപയോഗിക്കേണ്ട ഭക്ഷണങ്ങൾ, പ്രത്യേക മെഡിക്കൽ ആവശ്യത്തിനുള്ള ഭക്ഷണങ്ങൾ തുടങ്ങി ഒട്ടുമിക്ക ഭക്ഷ്യ വിഭാഗങ്ങൾക്കും മൈക്രോബയോളജി പരിശോധന എഫ്എസ്എസ്എഐ മാനദണ്ഡ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

ഇവയൊക്കെ പരിശോധിക്കാൻ ഈ ലാബും ഇപ്പോൾ സജ്ജമാണ്. ഭക്ഷ്യ വിഷബാധ പോലെയുള്ള അടിയന്തര സാഹചര്യങ്ങളിൽ മൈക്രോബയോളജി പരിശോധനയ്ക്ക് പ്രത്യേക പ്രാധാന്യമുണ്ട്.

## അപേക്ഷ സമർപ്പിക്കണം

**പത്തനംതിട്ട:** ജല അതോറിറ്റിയിൽ ബിപിഎൽ ആനുകൂല്യത്തിന് അർഹരായ എല്ലാ ഉപഭോക്താക്കളും ജനുവരി 31 നകം അപേക്ഷ സമർപ്പിക്കണം. പ്രതിമാസം 15 കിലോ ലിറ്ററിൽതാഴെ ഉപഭോഗമുള്ള ബിപിഎൽ ഉപഭോക്താക്കൾക്ക് സൗജന്യമായി ജലം ലഭിക്കുന്നതിന് മൊബൈൽ ഫോണിലൂടെയോ അക്ഷയകേന്ദ്രം വഴിയോ ഓൺലൈനായി അപേക്ഷിക്കാം.

തീവ്ര കുടിശികനിവാരണ യജ്ഞത്തിന്റെഭാഗമായി റാന്നി, വടശ്ശേരിക്കര, കോന്നി, അടൂർ, പത്തനംതിട്ട എന്നീ പ്രദേശങ്ങളിലെ കുടിശിക അടയ്ക്കാത്ത ഉപഭോക്താക്കൾ ജനുവരി 31നകം കുടിശിക അടയ്ക്കണം. വിച്ഛേദിച്ചിട്ടും കുടിശിക അടയ്ക്കാത്ത ഉപഭോക്താക്കൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കും. കേടായ വാട്ടർ മീറ്ററുകൾ മാറ്റി വെക്കാൻ നോട്ടീസ് നൽകിയിട്ടും നടപ്പാക്കാത്തവരുടെ കണക്ഷനുകളും വിച്ഛേദിക്കുമെന്ന് ജലഅതോറിറ്റി അറിയിച്ചു.

## ഹബ് ആന്റ് സ്പോക് ലാബ് തുടങ്ങി

**പത്തനംതിട്ട:** ആധുനിക രേഗപരിശോധനാ സംവിധാനങ്ങളുമായി ഹബ് ആൻഡ് സ്പോക് മോഡൽ ലാബ് മല്ലപ്പള്ളി, പുളിക്കീഴ് ബ്ലോക്കുകളിൽ തുടങ്ങി. നവകേരള കർമ്മ പദ്ധതി ആർദ്രം മിഷന്റെ ഭാഗമാണിത്. 100 ദിന ബോധവൽക്കരണത്തോടനുബന്ധിച്ച് ക്ഷയരോഗനിർണയത്തിനുള്ള കഫ സാമ്പിളുകൾ ആദ്യ ഘട്ടത്തിൽ ശേഖരിക്കുകയാണ്.

ഘട്ടംഘട്ടമായി വിവിധ പകർച്ചവ്യാധി പരിശോധനകൾ, തൈറോയിഡ് പോലുള്ള ജീവിത ശൈലീരോഗപരിശോധനകൾ, ഗർഭാശയ ക്യാൻസർ നിർണയത്തിനുള്ള പാപ്സ്മിയർ എന്നിവ ഉൾപ്പെടുത്തും. കുന്നന്താനം, കവിയൂർ, കുറ്റൂർ, കടപ്ര, നിരണം, കുറ്റപ്പുഴ, അർബൻ പ്രാഥമിക ആരോഗ്യ കേന്ദ്രം തിരുവല്ല, നെടുമ്പ്രം ആരോഗ്യസ്ഥാപങ്ങളിൽ നിന്നും സാമ്പിളുകൾ എടുത്തു തിരുവല്ല താലൂക്കാസ്ഥാനആശുപത്രിയിൽ എത്തിക്കും.

രണ്ടാം ഘട്ടത്തിൽ ചാത്തങ്കരികല്ലൂപ്പാറ സി.എച്ച്.സികളിലേക്കും ബ്ലോക്ക് ലിങ്ക്ചെയ്യും. കുടുംബശ്രീ പ്രവർത്തകർ ആണ് സാമ്പിളുകൾ കൊണ്ടുപോകുക എന്ന് ജില്ലാമെഡിക്കൽ ഓഫീസർ അറിയിച്ചു.

## ഗസ്റ്റ് ഇൻസ്ട്രക്ടർ ഒഴിവ്

**കോട്ടയം:** പള്ളിക്കത്തോട് ഗവ ഐടിഐ യിൽ ഇലക്ട്രീഷ്യൻ, മെക്കാനിക് ഓട്ടോ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എന്നീ ട്രേഡുകളിൽ ഗസ്റ്റ് ഇൻസ്ട്രക്ടർമാരുടെ ഓരോ ഒഴിവിലേക്ക് ജനുവരി 17ന് രാവിലെ 10.30 ന് കൂടിക്കാഴ്ച നടത്തും. ഈഴവ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന. ഈ വിഭാഗത്തിൽപ്പെട്ടവരുടെ അഭാവത്തിൽ ജനറൽ വിഭാഗത്തിലുള്ളവരെ പരിഗണിക്കും. ബന്ധപ്പെട്ട എൻജിനീയറിങ് ട്രേഡിൽ ഡിഗ്രിയും ഒരു വർഷത്തെ പ്രവൃത്തിപരിചയവും, അല്ലെങ്കിൽ ഡിപ്ലോമയും രണ്ടു വർഷത്തെ പ്രവൃത്തി പരിചയവുമാണ് യോഗ്യത. താൽപര്യമുളളവർ അസൽ സർട്ടിഫിക്കറ്റുകൾ, പകർപ്പുകൾ എന്നിവ സഹിതം ഇന്റർവ്യൂവിന് ഹാജരാകണം. വിശദ വിവരങ്ങൾ ഫോൺ: 04812551062, 6238139057.

## വെറ്ററിനറി സർജൻ നിയമനം

**കോട്ടയം:** മൃഗസംരക്ഷണ വകുപ്പ് കോട്ടയം ജില്ലയിലെ വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തന സജ്ജമാക്കുന്നതിന്റെ ഭാഗമായി വൈക്കം, കാഞ്ഞിരപ്പള്ളി ബ്ലോക്കുകളിൽ കരാർ അടിസ്ഥാനത്തിൽ വെറ്ററിനറി സർജൻമാരെ നിയമിക്കുന്നു.അഭിമുഖം 16ന് (വ്യാഴാഴ്ച) രാവിലെ 11 ന് കളക്ട്രേറ്റിലെ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ നടക്കും. യോഗ്യത: ബി.വി. എസ്സി ആൻഡ് എ. എച്ച്. കേരളാ സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം. താത്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന രേഖകളുമായി അഭിമുഖത്തിനെത്തണം. ഫോൺ: 0481 2563726.

## അമിത വില ഈടാക്കിയാൽ നടപടി: സംയുക്ത സ്ക്വാഡ് രൂപീകരിച്ചു

**കോട്ടയം:** വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത വ്യാപാര സ്ഥാപനങ്ങൾക്കെതിരേ കർശന നടപടിയെടുക്കാൻ ജില്ലാ കളക്ടർ ജോൺ വി. സാമുവലിന്റെ അധ്യക്ഷതയിൽ ചേർന്ന വിലനിലവാര അവലോകന യോഗം തീരുമാനിച്ചു. അമിത വില ഈടാക്കുന്നത് തടയും. ഇക്കാര്യങ്ങൾ പരിശോധിക്കാൻ ജില്ലാ കളക്ടർ അധ്യക്ഷനായി സംയുക്ത സ്ക്വാഡ് രൂപീകരിച്ചു. മുഖ്യമന്ത്രി പിണറായി വിജയന്റെ നിർദ്ദേശപ്രകാരമാണ് യോഗം ചേർന്നത്.

സിവിൽ സപ്ലൈസ്, ലീഗൽ മെട്രോളജി, കൃഷി , ഭക്ഷ്യ സുരക്ഷ, പോലീസ് എന്നീ വകുപ്പു മേധാവികളുടെ നേതൃത്വത്തിലാണ് ജില്ലാതല സ്ക്വാഡ് പ്രവർത്തിക്കുക.

ജനുവരി 20നു മുൻപ് എല്ലാ വ്യാപാര സ്ഥാപനങ്ങളും മുഴുവൻ ഉത്പന്നങ്ങളുടെയും വില പ്രദർശിപ്പിക്കണം. അല്ലാത്തവർക്കെതിരേ നടപടിയെടുക്കും.

സംയുക്ത സ്ക്വാഡ് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പരിശോധന നടത്തും. താലൂക്ക് സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ താലൂക്കുതലത്തിലും പ്രത്യേക പരിശോധന നടത്തുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. ഒരേ ഉത്പന്നത്തിനു തന്നെ പല കടകളിലും പല വില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ജില്ലാ സപ്ലൈ ഓഫീസർ സ്മിത ജോർജ്, കൃഷിവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ പി.പി. ശോഭ, അസിസ്റ്റന്റ് ഡയറക്ടർ ഇന്ദു കെ. പോൾ എന്നിവർ പങ്കെടുത്തു.



# വിപുലമായ പരിപാടികളോടെ റിപ്പബ്ലിക് ദിനാഘോഷം

**കോട്ടയം:** റിപ്പബ്ലിക് ദിനാഘോഷം വിപുലമായ പരിപാടികളോടെ സംഘടിപ്പിക്കുമെന്ന് ജില്ലാ കളക്ടർ ജോൺ വി. സാമുവൽ പറഞ്ഞു. ജില്ലാതല ആഘോഷപരിപാടികളുടെ ഒരുക്കം വിലയിരുത്താൻ കളക്ട്രേറ്റിലെ വിപഞ്ചിക ഹാളിൽ നടന്ന യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജനുവരി 26ന് രാവിലെ എട്ടു മുതൽ കോട്ടയം പൊലീസ് പരേഡ് മൈതാനത്താണ് ജില്ലാതല ആഘോഷപരിപാടികളും പരേഡും നടക്കുക. പൊലീസ്, എക്സൈസ്, വനം വകുപ്പ്, എൻ.സി.സി., എസ്.പി.സി., സ്കൗട്സ് ആൻഡ് ഗൈഡ്സ്, ജൂനിയർ റെഡ്ക്രോസ് തുടങ്ങിയ പ്ലാറ്റൂണുകളും സ്കൂൾ ബാൻഡ് സെറ്റുകളും പരേഡിൽ അണിനിരക്കും. കലാസാംസ്കാരിക പരിപാടികളും ആഘോഷത്തിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

വിവിധ വകുപ്പുകളുടെ ചുമതലയിൽ വിപുലമായ ക്രമീകരണങ്ങളാണ് ഒരുക്കുക. പരേഡിൽ പങ്കെടുക്കുന്ന വിദ്യാർഥികളുടെ റിഹേഴ്സൽ ജനുവരി 22, 23, 24 തീയതികളിൽ പൊലീസ് പരേഡ് മൈതാനത്ത് നടക്കും. ജനുവരി 26 ന് രാവിലെ 8.30ന് പരേഡ് ചടങ്ങുകൾ തുടങ്ങും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ദേശീയ പതാക ഉയർത്തും.

അവലോകന യോഗത്തിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ബീന പി. ആനന്ദ്, അഡീഷണൽ എസ്.പി. വിനോദ് പിള്ള, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എ. അരുൺ കുമാർ, കോട്ടയം ആർ.ടി.ഒ. കെ. അജിത്കുമാർ, ജില്ലാ സപ്ലൈ ഓഫീസർ സ്മിത ജോർജ്, അസിസ്റ്റന്റ് കമാൻഡന്റ് എം.സി. ചന്ദ്രശേഖരൻ, തഹസീൽദാർ എസ്.എൻ. അനിൽ കുമാർ, നഗരസഭാ സെക്രട്ടറി ബി. അനിൽകുമാർ, ഹുസൂർ ശിരസ്തദാർ എൻ.എസ്. സുരേഷ് കുമാർ, എൻ.സി.സി. ഓഫീസർ ശ്രീകുമാർ, റോയി പി. ജോർജ്, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# വേമ്പനാട് കായൽ പുനരുജ്ജീവനം: പ്ലാസ്റ്റിക് വിമുക്ത വേമ്പനാട് മെഗാ കാമ്പയിൻ 18ന്

**ആലപ്പുഴ:** വേമ്പനാട് കായൽ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് പ്ലാസ്റ്റിക് നിർമാർജന മെഗാ കാമ്പയിൻ ജനുവരി 18 ന് രാവിലെ 7 .30 ന് സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. ജില്ലാ കളക്ടർ അലക്സ് വർഗീസിന്റെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജേശ്വരിയുടെയും വിവിധ ജനപ്രതിനിധികളുടെയും സാന്നിദ്ധ്യത്തിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ഇതുമായി ബന്ധപ്പെട്ട് ചേർന്ന യോഗത്തിലാണ് തീരുമാനം. പ്രാഥമിക ഘട്ടത്തിൽ രണ്ടു മുനിസിപ്പാലിറ്റികളും 10 പഞ്ചായത്തുകളെയും കേന്ദ്രീകരിച്ചാണ് പരിപാടി സംഘടിപ്പിക്കുക.വേമ്പനാട് കായൽ പുനരുജ്ജീവനത്തിനും സംരക്ഷണത്തിനുമായി ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്ന പ്രവർത്തനങ്ങളുടെ തുടർച്ചയായാണ് പ്ലാസ്റ്റിക് മുക്ത വേമ്പനാട് കാമ്പയിൻ സംഘടിപ്പിക്കുന്നത്.

ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മത്സ്യത്തൊഴിലാളികൾ, സന്നദ്ധസംഘടനകൾ, ഹരിതകേരളം മിഷൻ, കുടുംബശ്രീ, ഹരിതകർമ്മ സേന, വിമുക്തഭടന്മാർ, പരിസ്ഥിതി പ്രവർത്തകർ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുക്കും. ഇതിനായി ഓരോ ഹോട്ട്സ്പോട്ടും കേന്ദ്രീകരിച്ച് മോണിറ്ററിങ് കമ്മിറ്റികൾ രൂപീകരിക്കുകയും ശേഖരിക്കുന്ന മാലിന്യങ്ങൾ കൃത്യമായി നിർമ്മാർജ്ജനം ചെയ്യുന്നതിനായി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

വേമ്പനാട് കായൽ പുനരുജ്ജീവനത്തിന്റെയും സംരക്ഷണപ്രവർത്തനങ്ങളുടെയും ഭാഗമായി ഓരോ മേഖലകൾ കേന്ദ്രീകരിച്ച് ഹ്രസ്വ ദീർഘകാല പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ട്. മൽസ്യത്തൊഴിലാളികൾ, ഹൗസ്ബോട്ട് ജീവനക്കാർ, ഉടമകൾ, വേമ്പനാട് കായലിന്റെ തീരത്ത് താമസിക്കുന്നവർ തുടങ്ങിയവർക്കിടയിൽ ബോധവത്കരണപ്രവർത്തനങ്ങൾ നടത്താനും യോഗത്തിൽ തീരുമാനിച്ചു.

ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ എസ് ശിവപ്രസാദ്, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി ചെയർപേഴ്സൺ ബിനു ഐസക് രാജു, അന്താരാഷ്ട്ര കായൽ ഗവേഷണ കേന്ദ്രം ഡയറക്ടർ ഡോ. കെ. ജി. പദ്മകുമാർ, ഡെപ്യൂട്ടി കളക്ടർ സി പ്രേംജി, തദ്ദേശസ്ഥാപന പ്രതിനിധികൾ,മത്സ്യത്തൊഴിലാളി പ്രതിനിധികൾ, ഹൗസ്ബോട്ട് അസോസിയേഷൻ പ്രതിനിധികൾ, സന്നദ്ധ സംഘടനാ പ്രതിനിധികൾ,വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# വിളവെടുപ്പ് സീസൺ ആരോഗ്യകരമാക്കണം

**കൊച്ചി:** ഇന്ത്യയിലുടനീളം വലിയ ആഘോഷിക്കപ്പെടുന്ന വിളവെടുപ്പ് സീസൺ ആരോഗ്യകരമായി ആഘോഷിക്കണമെന്ന ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ ക്യാമ്പയിൻ. 2025 വർഷത്തെ വിളവെടുപ്പ് ഉത്സവത്തിൽ ലോകത്തിലെ ഏറ്റവും ജനപ്രിയമായ കാലിഫോർണിയ ബദാം ഉൾപ്പെടുത്തി ഉത്സവ വിരുന്നുകളോട് ആരോഗ്യകരമായ സമീപനം സ്വീകരിക്കണമെന്ന് ക്യാമ്പയിൻ ആഹ്വാനം ചെയ്യുന്നു. നിരവധി ആരോഗ്യ ഗുണങ്ങളും ബദാം വാഗ്ദാനം ചെയ്യുന്നു.

ഇന്ത്യയിൽ പ്രമേഹം, ഉയർന്ന കൊളസ്ട്രോൾ, പൊണ്ണത്തടി തുടങ്ങിയ ജീവിതശൈലി രോഗങ്ങളുടെ വ്യാപനം കണക്കിലെടുത്ത് ആഘോഷസമയങ്ങളിൽ ഭക്ഷണ തിരഞ്ഞെടുപ്പുകളിലും ശ്രദ്ധിക്കേണ്ടത് പ്രധാനമാണെന്ന് ന്യൂട്രീഷൻ ആൻഡ് വെൽനസ് കൺസൾട്ടന്റ് ഷീല കൃഷ്ണസ്വാമി പറഞ്ഞു. കാർബോഹൈഡ്രേറ്റ് അടങ്ങിയ ഭക്ഷണങ്ങളുടെ രക്തത്തിലെ പഞ്ചസാരയുടെ ആഘാതം കുറയ്ക്കാനും, ആരോഗ്യകരമായ ഫാസ്റ്റിങ് ഇൻസുലിൻ അളവ് പ്രോത്സാഹിപ്പിക്കാനും ബദാം കഴിക്കുന്നത് സഹായിക്കുമെന്നും അവർ പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# നാടു വാഴാൻ വിദേശപ്പഴങ്ങൾ



കുറഞ്ഞത് 25 വർഷമെങ്കിലും ലാഭം കിട്ടുന്ന കൃഷിയിൽ നിക്ഷേപം നടത്താൻ ആഗ്രഹിക്കുന്ന കർഷകർക്ക് എല്ലാംകൊണ്ടും അനുയോജ്യമായ രംഗം വിദേശപഴവർഗങ്ങളുടെ കൃഷിയാണെന്നു പറയാം.

അനുകൂല കാലവസ്ഥയും ഫലഭൂയിഷ്ഠമായ മണ്ണും പ്രാദേശികതലം മുതൽ ആഗോളതലം വരെയുള്ള വൻപൻ വിപണികളും വർധിച്ച ഡിമാൻഡും ഇതിന് അനുകൂലമായ ഘടകങ്ങളാണ്. പരമ്പരാഗത വിളകളുടെ ക്രമാതീതമായ വിലയിടിവും വർധിച്ച പരിപാലനച്ചെലവും മൂലം പടിച്ചു നൽക്കാൻ കഴിയാത്ത സ്ഥിതിയിലെത്തിയതോടെയാണു കർഷകർ മാറി ചിന്തിച്ചു തുടങ്ങിയത്.

കേരളത്തിൽ ഉഷ്ണമേഖല പഴവർഗങ്ങളുടെ കൃഷിയിൽ കർഷകർ ആകൃഷ്ടരായിത്തുടങ്ങിയിട്ട് അധിക കാലമായിട്ടില്ല. എങ്കിലും, വിപണിക്ക് പ്രിയപ്പെട്ട വിദേശയിനം പഴവർഗ കൃഷിയിൽ മുതൽ മുടക്കി മികച്ച ആദായം നേടുന്നവർ നിരവധിയാണ്.

## ഡ്രാഗൺ ഫ്രൂട്ട്

ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിപണി മൂല്യം നേടിയിരിക്കുന്ന പഴവർഗവിള ഡ്രാഗൺ ഫ്രൂട്ടാണ്. ഇതിൻറെ ഉത്പാദനവും വിപണനവും ഏറ്റവും ഉയർന്ന നിലയിലാണു താനും. ഈ വർഷത്തെ മൊത്തം ആഭ്യന്തര ഉത്പാദനം 20,000 ടൺ കടക്കുമെന്നാണു നിഗമനം.

ഉത്പാദനത്തിൻറെ 80% കർണാടക, മഹാരാഷ്ട്ര, ഗുജറാത്ത് സംസ്ഥാനങ്ങളിൽ നിന്നാണെങ്കിലും കേരളമുൾപ്പെടെ മറ്റു സംസ്ഥാനങ്ങളിലേക്കും ഡ്രാഗൺ ഫ്രൂട്ട് കൃഷി കാര്യമായി വ്യാപിച്ചിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളിലെ കൃഷിയിടത്തിൽ കിലോയ്ക്ക് 80 100 രൂപ വില കിട്ടിയപ്പോൾ കേരളത്തിൽ 100140 രൂപ നിരക്കിലാണു കർഷകർ ഡ്രാഗൺ ഫ്രൂട്ട് വിറ്റത്.

ആവശ്യത്തിന് അനുസരിച്ച് ഉത്പാദനം ഉണ്ടാകാതിരുന്നതാണു വിലക്കൂടുതലിനു കാരണം. ലോകത്തിൽ ഏറ്റവും കൂടുതൽ ഡ്രാഗൺ ഫ്രൂട്ട് ഉത്പാദിപ്പിക്കുന്ന രാജ്യം വിയറ്റ്നാമാണ്. പത്തു ലക്ഷം ടണ്ണിനു മുകളിലാണ് അവരുടെ വാർഷിക ഉത്പാദനം. അതിൽ 85% കയറ്റുമതി ചെയ്യുകയാണ്.

ഇതുവഴി 5500 കോടി രൂപയുടെ വിദേശനാണ്യമാണ് വിയറ്റ്നാം നേടിയത്. കിലോയ്ക്ക് 5060 രൂപ നിരക്കിലാണ് കയറ്റുമതി. ഇന്ത്യ കഴിഞ്ഞ സാമ്പത്തിക വർഷം 47,000 ടൺ ഡ്രാഗൺ ഫ്രൂട്ട് ഇറക്കുമതി ചെയ്തു. ഇതിലേറെയും വിയറ്റ്നാമിൽ നിന്നായിരുന്നു.

നട്ടു മൂന്നു നാലു വർഷത്തിനുള്ളിൽ പൂർണ വിളവ് നൽകുമെന്നതാണു ഡ്രാഗൺ ഫ്രൂട്ടിൻറെ പ്രത്യേകത. ഇപ്പോൾതന്നെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും വ്യാപകമായി കൃഷിയുള്ളതിനാൽ അടുത്ത 10 വർഷത്തിനുള്ളിൽ ഇന്ത്യ വലിയ ഉത്പാദക രാജ്യമായി മാറാനുള്ള സാധ്യതയേറെയാണ്.

അതുവഴി വലിയ വിപണിയും തുറക്കപ്പെടും. പഴത്തിൻറെ വിലയും കുറഞ്ഞ് വിയറ്റ്നാമിൻറെ നിലവാരത്തിലെത്തുകയും ചെയ്യും.

## അവക്കാഡോ



ഇന്ത്യയിൽ എല്ലായിടത്തും നല്ല ഡിമാൻഡുള്ള പഴവർഗവിളയാണ് അവക്കാഡോ. എന്നാൽ, ആവശ്യത്തിനു കിട്ടാനില്ല എന്നതാണു പ്രശ്നം. ഇന്ത്യയിലെ ഈ വർഷത്തെ മൊത്തം ആഭ്യന്തര ഉത്പാദനം 8000 ടൺ മാത്രമാണ്.

കേരളം, തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിലാണ് അവക്കാഡോ കൃഷി കാര്യമായിട്ടുള്ളത്. കേരളത്തിൽ വയനാട്ടിലാണ് ഏറ്റവും കൂടുതൽ. സീസൺ മാറി മാറി വരുന്നതിനാൽ ഇന്ത്യയിൽ 10 മാസവും അവക്കാഡോ പഴങ്ങൾ കിട്ടുമെന്ന പ്രത്യേകതയുമുണ്ട്.

കെർണാടകത്തിൽ ഏപ്രിൽ സെപ്റ്റംബർ വരെയും തമിഴ്നാട്ടിൽ ഓഗസ്റ്റ്ഡിസംബർ വരെയും വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ നവംബർഡിസംബർ വരെയുമാണ് സീസൺ. കേരളത്തിൽ കൃഷിയിടത്തിൽ ശരാശരി 100150 രൂപ വില ലഭിച്ചപ്പോൾ തമിഴ്നാട്ടിൽ 150 200 രൂപ വരെ കിട്ടി.

ആവശ്യക്കാരേറിയതോടെ ഇന്ത്യയ്ക്ക് ഈ വർഷം 10,000 ടണ്ണിനു മുകളിൽ അവക്കാഡോ ഇറക്കുമതി ചെയ്യേണ്ടി വന്നു. അതിലേറെയും ടാൻസാനിയായിൽ നിന്നായിരുന്നു. ബാക്കി അധികവും ന്യൂസിലൻഡ്, പെറു എന്നിവിടങ്ങളിൽ നിന്നും. ഹാസ് ഇനം അവക്കാഡോയാണ് ഇറക്കുമതി ചെയ്തത്.

2030 ഓടുകൂടി ഒരു ലക്ഷം ടണ്ണിൻറെ ആഭ്യന്തര വിപണിയാണ് ഇന്ത്യ വിഭാവന ചെയ്യുന്നത്.

## റംബുട്ടാൻ

കേരളത്തിൽ എല്ലായിടത്തും തന്നെ ഉത്പാദനം ആരംഭിച്ചിട്ടുള്ള പഴവർഗ വിളയാണ് റംബുട്ടാൻ. കഴിഞ്ഞ വർഷം മൊത്തം ആഭ്യന്തര ഉത്പാദനം 10,000 ടണ്ണായിരുന്നു. എന്നാൽ ഇത്തവണ അത് 7,000 ടണ്ണിലേക്ക് ചുരുങ്ങി. പ്രതികൂല കാലാവസ്ഥയായിരുന്നു കാരണം.

ഇതുമൂലം വിപണിയിൽ വൻ ഡിമാൻഡാണ് റംബുട്ടാന് ഉണ്ടായത്. കേരളവും തമിഴ്നാടുമാണ് ഇന്ത്യയിലെ ഇപ്പോഴത്തെ പ്രധാന വിപണികൾ. കേരളത്തിൽ 150 200 രൂപയും കർണാടകത്തിൽ 200 250 രൂപയുമായിരുന്നു വില.

തായ്‌ലൻഡാണ് ഏറ്റവും വലിയ റംബുട്ടാൻ ഉത്പാദക രാജ്യം. മൂന്നു ലക്ഷം ടണ്ണാണ് ഇവിടുത്തെ വാർഷിക ഉത്പാദനം. വർധിച്ചുവരുന്ന ഡിമാൻഡ് മുന്നിൽ ക്കണ്ടു കർഷകർ ദൂരിയൻ കൃഷിയിലേക്കു തിരിഞ്ഞതോടെ തായ്‌ലൻഡിലെ റംബൂട്ടാൻ ഉത്പാദനം കുറഞ്ഞു വരികയാണ്.

റംബുട്ടാൻറെ കുറഞ്ഞ സൂക്ഷിപ്പുകാലം കയറ്റുമതിയെ ബാധിക്കുന്നു എന്നതും ഉത്പാദനം കുറയാൻ കാരണമായി. റംബുട്ടാനെ അപേക്ഷിച്ചു സൂക്ഷിപ്പുകാലം കൂടുതലുള്ള ദൂരിയാൻ മികച്ച വരുമാനവും നേടിക്കൊടുക്കുന്നു.

എന്നാൽ, ഇന്ത്യൻ വിപണിയിൽ റംബുട്ടാനു വലിയ സാധ്യതകളാണുള്ളത്. ഇപ്പോഴുള്ളതിൻറെ പത്തിരട്ടി വരെ ഉത്പാദിപ്പിച്ചാലും ആവശ്യത്തിനു തികയാത്ത സാഹചര്യമാണു നിലവിലുള്ളത്. തായ്‌ലൻഡിൽ നിന്നുള്ള കയറ്റുമതി കുറഞ്ഞതോടെ ഗൾഫ് നാടുകളിലേക്കുള്ള കയറ്റുമതിക്കും സാധ്യത കാണുന്നുണ്ട്.

കേരളത്തിൽ എല്ലായിടത്തും തന്നെ റംബുട്ടാൻ കൃഷി ചെയ്യുന്നുണ്ടെങ്കിലും മധ്യ കേരളത്തിൽ ലഭിക്കുന്നത്ര വിളവ് മറ്റൊരിടത്തു നിന്നും ലഭിക്കില്ല. വടക്കൻ കേരളത്തിലും കർണാടകത്തിലും ഉത്പാദനം താരതമ്യേന കുറവുമാണ്.

തമിഴ്നാട്ടിൽ ചുരുക്കം ചില പ്രദേശങ്ങളിലും കർണാടകത്തിൻറെ തീരമേഖലകളിലും വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ ചില ഭാഗങ്ങളിലും മാത്രമാണ് കേരളത്തെക്കൂടാതെ റംബുട്ടാൻ കൃഷിക്ക് കാര്യമായ സാധ്യതയുള്ളത്. താതമ്യേന സൂക്ഷിപ്പുകാലം കുറവായതിനാൽ സൗത്ത് ഇന്ത്യ കേന്ദ്രീകരിച്ചുള്ള വിപണികളാവും തുടർന്നും സജീവമായി നിൽക്കുന്നത്.



## പാഷൻ ഫ്രൂട്ട്

ഡിമാൻഡിന് അനുസരിച്ച് ഉത്പാദനമില്ലാത്ത പഴവിളയാണ് പാഷൻ ഫ്രൂട്ട്. ഈ വർഷത്തെ ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉത്പാദനം 6000 ടണ്ണിനു താഴെ മാത്രം. കർണാടക, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിലാണ് കാര്യമായ കൃഷിയുള്ളത്.

വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ഉത്പാദനം വളരെ താഴ്ന്ന നിലയിലാണു താനും. ഇതോടൊപ്പം പരമ്പരാഗത കൃഷി മേഖലകളിലെല്ലാം ഉത്പാദനം കുറഞ്ഞു വരികയുമാണ്. ആദ്യവിളവെടുപ്പ് കഴിഞ്ഞാൽ പിന്നീട് ഉത്പാദനം കുറയുന്ന പ്രവണതയാണു പൊതുവേ ഇതിനുള്ളത്.

റീപ്ലാൻറിംഗ് അല്ലെങ്കിൽ പുതിയ സ്ഥലത്ത് കൃഷി എന്നിവ മാത്രമാണ് ഉത്പാദന മുരടിപ്പിനെ മറികടക്കാനുള്ള മാർഗങ്ങൾ. ഇപ്പോഴത്തെ കണക്കനുസരിച്ച് ലഭ്യമായ പാഷൻ ഫ്രൂട്ടിൻറെ 60% സംസ്കരണത്തിനും 20% പ്രാദേശിക മാർക്കറ്റുകളിലും ബാക്കി 20% വീട്ടാവശ്യങ്ങൾക്കുമാണ് വിനിയോഗിക്കുന്നത്. ഇന്ത്യയും ഗൾഫ് നാടുകളും കേന്ദ്രീകരിച്ചുള്ള വിപണികളാണ് പ്രധാനം.

ആഗോളവ്യാപകമായി പാഷൻ ഫ്രൂട്ടിൻറെ ഉത്പാദനം 10 ലക്ഷം ടണ്ണോളം വരും. അതിൽ 8085 ശതമാനവും സൗത്ത് അമേരിക്കൻ രാജ്യങ്ങളാണ് ഉത്പാദിപ്പിക്കുന്നത്. ഇതിൽ ആറ് ലക്ഷം ടൺ ബ്രസീലിൻറെ വകയാണ്.

ജ്യൂസുകൾ നിർമിക്കാനാണ് പ്രധാനമായും പാഷൻ ഫ്രൂട്ട് ഉപയോഗിക്കുന്നത്. ഇന്ത്യയിൽ വിളയുന്ന പാഷൻ ഫ്രൂട്ടുകളുടെ ജ്യൂസിന് വിദേശ നാടുകളിൽ പ്രത്യേകിച്ച് യൂറോപ്യൻ രാജ്യങ്ങളിൽ വലിയ ഡിമാൻഡാണ്.



## മാങ്കോസ്റ്റിൻ

ഡിമാൻഡ് അനുസരിച്ച് ഒരിക്കലും ഉത്പാദിപ്പിക്കാൻ കഴിയാത്ത പഴമാണ് മാങ്കോസ്റ്റിൻ. കഴിഞ്ഞ വർഷത്തെ മൊത്തം ആഭ്യന്തര ഉത്പാദനം 2000 ടൺ മാത്രമായിരുന്നു. പ്രതികൂല കാലാവസ്ഥ മൂലം ഈ വർഷം അതിൻറെ പകുതി മാത്രമേ ഉത്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുള്ളൂ.

കേരളത്തിലും കർണാടകത്തിലുമാണ് മാങ്കോസ്റ്റിൻ കൂടുതലായി വിളയുന്നത്. ഇതിൽ ദക്ഷിണ കന്നഡയാണ് മുന്നിൽ. ഈ വർഷം കേരളത്തിൽ മാങ്കോസ്റ്റിന് 200250 രൂപയും കർണാടകത്തിൽ 250350 രൂപയുമായിരുന്നു വില.

ആഗോള തലത്തിൽ ഇന്തോനേഷ്യയ്ക്കാണ് ഒന്നാം സ്ഥാനം. ഉത്പാദനം മൂന്നു ലക്ഷം ടൺ. മാങ്കോസ്റ്റിൻറെ ഉത്പാദനം വർധിപ്പിക്കുക അത്ര എളുപ്പമല്ല. വിളവെടുപ്പിന് കൂടുതൽ സമയം വേണമെന്നതും കുറച്ചു സ്ഥലങ്ങളിൽ മാത്രമാണ് ആദായകരമായി കൃഷി ചെയ്യാൻ കഴിയുക എന്നതും പ്രശ്നമാണ്. വിപണിയിൽ ചലനങ്ങൾ ഉണ്ടാക്കാൻ പാകത്തിൽ ഉത്പാദനം വർധിപ്പിക്കാൻ കഴിയാത്തതിനാൽ എക്കാലത്തും വില ഉയർന്നു നിൽക്കാനാണ് സാധ്യത.ഇന്ത്യയിൽ വളരെക്കുറച്ചു മാത്രം ഉത്പാദനമുള്ള പഴങ്ങളാണ് ലോങ്ങ നും ദൂരിയനും. തായ്‌ലൻഡിനാണ് ഒന്നാം സ്ഥാനം. 10 ലക്ഷം ടണ്ണിന് മുകളിലാണ് ഓരോന്നിൻറെയും അവരുടെ വാർഷിക ഉത്പാദനം.




# എച്ച്ഡിഎഫ്സി ബാങ്ക് കോഴിക്കോട് 30ാമത് ശാഖ തുറന്നു

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ സ്വകാര്യമേഖലാ ബാങ്കുകളിൽ ഒന്നായ എച്ച്ഡിഎഫ്സി ബാങ്ക് കോഴിക്കോട് ജില്ലയിൽ 30ാമത് ശാഖയും കേരളത്തിൽ 403ാമത് ശാഖയും ഉദ്ഘാടനം ചെയ്തു. വെസ്റ്റ് ഹില്ലിൽ സ്ഥിതി ചെയ്യുന്ന പുതിയ ശാഖ ബാങ്ക് മുതിർന്ന ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ കോഴിക്കോട് നഗരസഭാ മേയർ ഡോ.ബീന ഫിലിപ്പ് ഉദ്ഘാടനം ചെയ്തു.

# കൊഡാക് മഹീന്ദ്രയുമായി കൈകോർത്ത് ജെഎസ്ഡബ്ല്യു

**കൊച്ചി:** ഇവി ഉപഭോക്താക്കൾക്കായി പുതുതായി അവതരിപ്പിച്ചിരിക്കുന്ന ബാറ്ററി ആസ് എ സർവ്വീസ് ഓണർഷിപ്പ് പ്രോഗ്രാമിന്റെ ഫിനാൻസിംഗ് സംവിധാനങ്ങൾക്കായി കെഎംപിഎലുമായി പങ്കാളിത്തത്തിലെത്തി ജെഎസ്ഡബ്ല്യൂ എംജി മോട്ടോർ ഇന്ത്യ. പ്രാരംഭഘട്ട ചിലവുകൾ വലിയ രീതിയിൽ കുറയ്ക്കുന്ന ഒരു ഫ്ളക്സിബിൾ ഓണർഷിപ്പ് സംവിധാനമാണ് ബാസ്. ഉപഭോക്താക്കൾക്ക് സാമ്പത്തിക നേട്ടം നൽകുവാനും ലളിതവുമായ ഉടമസ്ഥതാനുഭവം ഉറപ്പാക്കുവാനും ബാസ് പദ്ധതി മുഖേന സാധിക്കും. 2024ൽ ആരംഭിച്ച ഈ പദ്ധതിയിലൂടെ ഉപഭോക്താക്കളെ ഇവിയിലേക്ക് ആകർഷിക്കുവാൻ സാധിച്ചിട്ടുണ്ട്.

ഇവിയുടെ വിൽപ്പനയിലും പ്രകടമായ വളർച്ചയും ദൃശ്യമായിട്ടുണ്ട്. ഉപഭോക്താക്കളിൽ ഈ ഓണർഷിപ്പ് മോഡലിനോടുള്ള വളർന്നു വരുന്ന താത്പര്യം കണക്കിലെടുത്താണ് കെഎംപിഎൽ ബാസിന്റെ ഭാഗമായിരിക്കുന്നത്. ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ടതും നവീനവുമായ ഉപഭോക്തൃ അനുഭവം ഉറപ്പാക്കുന്നതിൽ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ഇലക്ട്രിക് കാർ വിപണിയിൽ പുതിയൊരു നാഴികക്കല്ലാണ് ബാസിലൂടെ ഞങ്ങൾ സൃഷ്ടിച്ചിരിക്കുന്നതെന്ന് ജെഎസ്ഡബ്ല്യു എംജി മോട്ടോർ ഇന്ത്യ ചീഫ് ഗ്രോത്ത് ഓഫീസർ ഗൗരവ് ഗുപ്ത പറഞ്ഞു. കെഎംപിഎല്ലിന്റെ വിപുലമായ ശൃംഖലയും ഡീലർ പങ്കാളികളും ഈ പങ്കാളിത്തത്തിന് മുതൽക്കൂട്ടാകും. ഇതുമുഖേന ബാസ് കൂടുതൽ പേരിലേക്ക് എത്തുകയും ഇവി വിൽപ്പന ഉയരുകയും ചെയ്യും

# വീഡ് ഹാർവെസ്റ്റിംഗ് മെഷീൻ പ്രവർത്തനം ലാഭകരം

**കൊച്ചി:** നഗരത്തിലെ കനാലുകൾ വൃത്തിയാക്കുന്നതിന് ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച വീഡ് ഹാർവെസ്റ്റിംഗ് മെഷീൻ പ്രവർത്തനം ലാഭകരമാണെന്ന് കൊച്ചി മേയർ അഡ്വ.എം.അനിൽകുമാർ പറഞ്ഞു. നവംബർ മുതൽ മെഷീൻ പ്രവർത്തനം ആരംഭിച്ചിരുന്നു.നഗരത്തിലെ പ്രധാന കനാലുകളിലൊന്നായ പേരണ്ടൂർ കനാലിൻറെ ചിറ്റൂർ പുഴയിൽ നിന്നും ആരംഭിച്ച് കലൂർ ഗോകുലം പാർക്കിന് സമീപം വരെയുള്ള ഭാഗം വീഡ് ഹാർവെസ്റ്റിംഗ് മെഷീൻ ഉപയോഗപ്പെടുത്തി വളരെ നല്ല രീതിയിൽ വൃത്തിയാക്കിയിട്ടുണ്ട്.

ഫോർട്ടുകൊച്ചിയിലെ പണ്ടാരച്ചിറയും പോള പോയലുകൾ നീക്കി വൃത്തിയാക്കിയിട്ടുണ്ട്. ഇതിനുശേഷം പള്ളുരുത്തി മേഖലയിലും പോള നീക്കുന്ന പ്രവർത്തനം ആരംഭിക്കുന്നതാണ്.ഇതുവരെ 1,23,520 ചതുരശ്ര മീറ്റർ പ്രദേശം വീഡ് ഹാർവെസ്റ്റിംഗ് മെഷീൻ ഉപയോഗിച്ച് വൃത്തിയാക്കിയിട്ടുണ്ടെന്നും മേയർ പറഞ്ഞു. കനാലുകൾ വൃത്തിയാക്കുന്നതിന് ടെണ്ടർ നടപടികളിലൂടെ കരാർ നൽകുമ്പോൾ വരുന്നതിനെക്കാൾ ചെലവ് കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ നടപടിക്രമങ്ങളിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഏകദേശം 33,91,857/ രൂപയാണ് ചെലവ് വരുന്നത്. വീഡ് ഹാർവെസ്റ്റിംഗ് മെഷീന് ഓരോ മാസവും ഫിക്സഡ് റേറ്റ് 8,20,738/ രൂപയും, ആന്യുവൽ മെയിൻറനൻസ് കോസ്റ്റിനത്തിൽ മണിക്കൂറിന് 1650/ രൂപയും ആണ് ചെലവ് വരുന്നത്. ഇപ്രകാരം നവംബർ, ഡിസംബർ മാസങ്ങളിലും ജനുവരി മാസത്തിൽ ഇതുവരെയും സി.എസ്.എം.എൽ ഫണ്ടിൽ നിന്നും 26,03,891/ രൂപ ചെലവായിട്ടുള്ളതാണ്. ഇതു കണക്കിലെടുക്കുമ്പോൾ ടെണ്ടർ ചെയ്ത് വർക്ക് ചെയ്യുന്നതിനെ അപേക്ഷിച്ച് 7,87,966/ രൂപ നഗരസഭയ്ക്ക് ലാഭം ഉണ്ടെന്നും മേയർ വ്യക്തമാക്കി.

മലിനമായ ജലാശയങ്ങളിലെ, വൃത്തിഹീനമായ സാഹചര്യങ്ങളിൽ തൊഴിലാളികളെ ജോലിക്ക് നിയോഗിക്കുന്ന രീതി ഒഴിവാക്കുന്നതിനും വീഡ് ഹാർവസ്റ്റർ മെഷീൻ ഉപയോഗിക്കുന്നതിലൂടെ കഴിഞ്ഞിട്ടുണ്ട്.വരും ദിവസങ്ങളിൽ നഗരത്തിലെ മറ്റ് കായലുകളും തോടുകളും കൂടി വീഡ് ഹാർവെസ്റ്റിംഗ് മെഷീൻ പ്രവർത്തിപ്പിച്ച് പൂർണ്ണമായും വൃത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും മേയർ വ്യക്തമാക്കി.




# കെ എം എ വാർഷിക മാനേജ്മെന്റ് കൺവൻഷൻ

**കൊച്ചി:** കേരള മാനെജ്മെന്റ് അസോസിയേഷൻ (കെ എം എ) 42 മത് മാനെജ്മെന്റ് കൺവൻഷൻ (കെ മാക്) ജനുവരി 16,17 തീയതികളിൽ ഗ്രാൻഡ് ഹയാത് കൊച്ചിയിൽ നടക്കും. ' ഇന്നവേറ്റ് ടു എലിവേറ്റ് ' എന്നതാണ് ഇത്തവണ ചർച്ചാ വിഷയം.വിവിധ വിഷയങ്ങളിൽ പാനൽ ചർച്ചയും നടക്കും.ജനുവരി 16 ന് വൈകിട്ട് 6 ന് ഗ്രാൻഡ് ഹയാത് കൺവൻഷൻ സെന്ററിൽ ഉദ്ഘാടന ചടങ്ങ് നടക്കും. രാജീവ് ചന്ദ്രശേഖർ ഉദ്ഘാടനം ചെയ്യും. ബിസ്‌ലേരി ഇന്റർനാഷണൽ സിഇഒ ആഞ്ചലോ ജോർജ് മുഖ്യപ്രഭാഷണം നടത്തും. ദുബായ് പോർട്ട് അഥോറിറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ക്യാപ്റ്റൻ ഇബ്രാഹിം അൽബ്ലൂഷി വിശിഷ്ടാതിഥിയായി പങ്കെടുക്കും.17 ന് നടക്കുന്ന സെഷനുകളിൽ ബിഗ് ബാസ്ക്കറ്റ് കോ ഫൗണ്ടർ ഹരി മേനോൻ, ബാറ്റ എ പി എ സി പ്രസിഡന്റ് രാജീവ് ഗോപാലകൃഷ്ണൻ, ഐടിസി ഫുഡ്സ് സി ഒ ഒ രോഹിത് ഡോഗ്ര, നയാരാ എനർജി എക്സിക്യൂട്ടീവ് ചെയർമാൻ പ്രസാദ് കെ പണിക്കർ, ഒഎൻഡിസി മാനേജിംഗ് ഡയറക്ടറും സിഇഒയുമായ ടി കോശി എന്നിവർ പ്രഭാഷണം നടത്തും.ഇന്നവേഷൻ ഇൻ ഫാഷൻ എന്ന സെഷനിൽ വിനോദ് നായർ, പ്രൊഫ. സോമേഷ് സിംഗ്, ഉമ പ്രജാപതി, ഡോ. ഡാർലി കോശി, ഡിസൈനർ റൗക്ക സ്ഥാപകൻ ശ്രീജിത് ജീവൻ എന്നിവരും, ഫിൻ ടെക്ക് പാനലിൽ ഐഐഎം കോഴിക്കോട് അസോസിയേറ്റ് പ്രൊഫസർ മുഹമ്മദ് അബ്ദുള്ള, എൻ എസ് ഇ ഇൻറർമീഡിയറി റിലേഷൻഷിപ്പ്സ് മേധാവി അഭിഷേക് വലവാക്കർ, ഫെഡറൽ ബാങ്ക് വൈസ് പ്രസിഡന്റ് സി സുമോത് എന്നിവരും സംസാരിക്കും.സമാപന ചടങ്ങിൽ തോമസ് മാത്യു, കെ എസ് ശബരീനാഥൻ എന്നിവർ പങ്കെടുക്കും.

അബീർ മെഡിക്കൽ ഗ്രൂപ്പ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഡോ.അഹ്മദ് ആലുങ്കൽ, എം പി ആർ എസ് ഷിപ്പിംഗ് ആൻഡ് ലോജിസ്റ്റിക്സ് ഇന്റർനാഷണൽ ബിസിനസ് സിഇഒ യാഷ് റാഡിയ എന്നിവരെ ചടങ്ങിൽ ആദരിക്കും.സെലിബ്രെറ്റ് സക്സസ് എന്ന വിഷയത്തിൽ നടക്കുന്ന പാനൽ ചർച്ചയിൽ കെ എസ് ഐ ഡി സി ചെയർമാൻ സി ബാലഗോപാൽ മുഖ്യ പ്രഭാഷണം നടത്തും. കെ എം എ അംഗങ്ങൾക്കും അംഗങ്ങൾ അല്ലാത്തവർക്കും രജിസ്റ്റർ ചെയ്യാം. ഓൺലൈൻ രജിസ്ട്രേഷന് www.kma.org.in/convention. ആയിരത്തോളം പ്രതിനിധികളും ക്ഷണിക്കപ്പെട്ട വ്യക്തിത്വങ്ങളും പങ്കെടുക്കുമെന്ന് കെ എം എ പ്രസിഡന്റ് ബിബു പുന്നൂരാൻ, സീനിയർ വൈസ് പ്രസിഡന്റും കൺവൻഷൻ ചെയറുമായ കെ ഹരികുമാർ, സെക്രട്ടറി അനിൽ ജോസഫ്, ട്രഷറർ ദിലീപ് നാരായണൻ എന്നിവർ വാർത്താസമ്മേളനത്തിൽ അറിയിച്ചു.




# അമൃതയിൽ 'ഡിജിറ്റൽ ഡെന്റിസ്ട്രി സെന്റർ' പ്രവർത്തനമാരംഭിച്ചു

**കൊച്ചി :** ഡെന്റൽ വിദ്യാഭ്യാസ രംഗത്ത് പുതിയ സാങ്കേതിക മുന്നേറ്റത്തിന് തുടക്കം കുറിച്ച് അമൃത സ്കൂൾ ഓഫ് ഡെന്റിസ്ട്രിയിലെ പ്രോസ്തോഡോണ്ടിക്സ് വിഭാഗത്തിൽ ഡിജിറ്റൽ ഡെന്റിസ്ട്രി സെന്റർ പ്രവർത്തനമാരംഭിച്ചു.

അമൃത ആശുപത്രിയിൽ സംഘടിപ്പിച്ച ചടങ്ങിൽ കാലടി ശ്രീ ശങ്കരാചാര്യ സർവ്വകലാശാല മുൻ വൈസ് ചാൻസിലറും പി.എസ്.സി മുൻ ചെയർമാനുമായ ഡോ. കെ. എസ്. രാധാകൃഷ്ണൻ ഡിജിറ്റൽ ഡെന്റിസ്ട്രി സെന്ററിന്റെ ഉൽഘാടനം നിർവഹിച്ചു . മാതാ അമൃതാനന്ദമയി മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണാമൃതാനന്ദപുരി അനുഗ്രഹ പ്രഭാഷണം നടത്തി. അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർ, അമൃത സ്കൂൾ ഓഫ് ഡെന്റിസ്ട്രി പ്രിൻസിപ്പൽ ഡോ. ബാലഗോപാൽ വർമ്മ, ഇന്ത്യൻ പ്രോസ്തോഡോണ്ടിക് സൊസൈറ്റി കേരള ഘടകം പ്രസിഡന്റ് ഡോ. രൂപേഷ് എൽ, ഡോ. നാരായണൻ ഉണ്ണി, ഡോ. രാകേഷ് എസ്, ഡോ. മഞ്ജു വി, ഡോ. സുബ്രഹ്മാണ്യ അയ്യർ, ഡോ. പ്രമോദ് സുഭാഷ്, ഡോ. മഹേഷ് കെ, ഡോ. എം. ശിവ ശങ്കർ എന്നിവർ ചടങ്ങിൽ സംസാരിച്ചു.ദന്തചികിത്സാ പഠനത്തോടൊപ്പം ആധുനിക ഡിജിറ്റൽ സാങ്കേതിക വിദ്യയിലും പരിശീലനം നേടുന്നതിലൂടെ ഡിജിറ്റൽ ഡെന്റിസ്ട്രിയിലെ ഭാവി സാധ്യതകൾ പ്രയോജനപ്പെടുത്താൻ വിദ്യാർഥികൾക്ക് സാധിക്കുമെന്ന് പ്രോസ്തോഡോണ്ടിക്സ് വിഭാഗം മേധാവി ഡോ. മഞ്ജു വി പറഞ്ഞു. ഡെന്റൽ കോസ്മെറ്റിക് ചികിത്സയിലും ഇംപ്ലാന്റുകൾ ഉപയോഗിച്ചുള്ള ദന്ത പുനസ്ഥാപനത്തിലും കൂടുതൽ കാര്യക്ഷമത ഉറപ്പുവരുത്താൻ അതിനൂതന ക്യാഡ് ക്യാം സാങ്കേതിക വിദ്യയിലൂടെ സാധിക്കുമെന്ന് ഡോ. മഞ്ജു വിശദമാക്കി.

# മാധവ് കുറുപ്പ് ഹെൽമാൻ വേൾഡ് വൈഡ് ലോജിസ്റ്റിക്സ് ഗ്ലോബൽ സിഒഒ

**കൊച്ചി:** ഹെൽമാൻ വേൾഡ് വൈഡ് ലോജിസ്റ്റിക്സിലെ ഗ്ലോബൽ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസറായി (സിഒഒ) മാധവ് കുറുപ്പിന് സ്ഥാനക്കയറ്റം. ഹെൽമാനിലെ ആഗോള സിസ്യൂട്ട് റോളിലേക്ക് നിയമിക്കപ്പെട്ട ആദ്യത്തെ ജർമ്മൻ ഇതര വ്യക്തിയാണ് മാധവ് കുറുപ്പ്.



കമ്പനിയുടെ ആഗോള ഉത്തരവാദിത്തമുള്ള ഹെൽമാന്റെ എക്സിക്യൂട്ടീവ് മാനേജ്മെന്റ് ടീമിലെ നാല് അംഗങ്ങളിൽ ഒരാളായി അദ്ദേഹം മാറും. സിഒഒ എന്ന നിലയിൽ അദ്ദേഹം, വിമാന ചരക്ക് ഗതാഗതം, കടൽ ചരക്ക് ഗതാഗതം, കരാർ ലോജിസ്റ്റിക്സ് എന്നിവയ്ക്കായുള്ള ഗ്ലോബൽ പ്രൊഡക്ട് ഓർഗനൈസേഷന്റെ മേൽനോട്ടം വഹിക്കും.

# എബിലിറ്റീസ് ഇന്ത്യാ എക്സ്പോ കൊച്ചിയിൽ

**കൊച്ചി:** അംഗപരിമിതർക്കുള്ള ഉൽപ്പന്നങ്ങളും സേവനങ്ങളും അംഗപരിമിതർ നിർമിച്ച ഉൽപ്പന്നങ്ങളും അണിനിരത്തിക്കൊണ്ടുള്ള ആദ്യത്തെ സമഗ്ര ദേശീയ പ്രദർശനമായ എബിലിറ്റീസ് ഇന്ത്യാ എക്സ്പോ 2025 ജനുവരി 31, ഫെബ്രുവരി 1, 2 തീയതികളിൽ കൊച്ചി രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുമെന്ന് സംഘാടകരായ വോൽഷൽ എബിലിറ്റീസ് ആൻഡ് അസിസ്റ്റീവ് ടെക്നോളജീസ് ചെയർമാൻ സൈമൺ ജോർജ് പറഞ്ഞു. അംഗപരിമിതർക്കും മുതിർന്ന പൗരന്മാർക്കും രോഗികൾക്കും സഹായകമാകുന്ന ശാസ്ത്രസാങ്കേതിക ഉപകരണങ്ങളുടെയും വാഹനങ്ങളുടെയും പ്രദർശനം, വിപണനം, അംഗപരിമിതരായ സംരംഭകരുടെ വിവിധതരം ഉൽപ്പന്നങ്ങളുടെ വിപണനം എന്നിവയുൾപ്പെടുന്ന പ്രദർശനം രാജ്യത്ത് ഇത്തരത്തിൽപ്പെട്ട ആദ്യത്തേതാകുമെന്ന് സൈമൺ ജോർജ് പറഞ്ഞു. അംഗപരിമിത സൗഹാർദമായിട്ടാകും സ്റ്റാളുകൾ സജ്ജീകരിക്കുക. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി പതിനായിരത്തിലേറെ അംഗപരിമിതരും അംഗപരിമിതർക്കുള്ള ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നവരും പൊതുജനങ്ങളും ഈ ത്രിദിന പ്രദർശനം സന്ദർശിക്കുമെന്നാണ് കണക്കാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. സമ്മേളനങ്ങൾ, സെമിനാറുകൾ, ബിസിനസ് അവാർഡ്, പ്രഗത്ഭർക്ക് ആദരവുകൾ എന്നിവയും തൊഴിൽ അന്വേഷകർക്കായി മിനി ജോബ് ഫെയർ, ജീവിതപങ്കാളിയെ കണ്ടെത്താൻ ആഗ്രഹിക്കുന്നവർക്കുള്ള മാട്രിമോണിയൽ മീറ്റ്, കലാമേളകൾ, സാംസ്കാരിക സംഗമങ്ങൾ എന്നിവയും പ്രദർശനത്തിന്റെ ഭാഗമായി അരങ്ങേറും.പ്രദർശനത്തിന് കേന്ദ്ര സർക്കാരിനു കീഴിലുള്ള എംഎസ്എംഇ വകുപ്പിന്റെ അംഗീകാരമുണ്ടെന്നും പ്രദർശനത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന തെരഞ്ഞെടുക്കപ്പെടുന്ന അംഗപരിമിതരായ സംരംഭകരുടേയും അംഗപരിമിതർക്കുള്ള ഉൽപ്പന്നങ്ങളും സേവനങ്ങളും നൽകുന്ന സംരംഭകരുടേയും സ്റ്റാളുകൾ സംഘടിപ്പിക്കുന്നതിന്റെ ചെലവ് എംഎസ്എംഇ വകുപ്പ് നൽകുമെന്നും സംഘാടകർ അറിയിച്ചു. വനിതകൾക്കും അംഗപരിമിതർക്കും മൊത്തം ചെലവിന്റെ 100%വും മറ്റുള്ളവർക്ക് 80 മുതൽ 90% വരെയുമാണ് ഗ്രാൻഡായി നൽകുക. ഇതിനുള്ള അപേക്ഷകൾ ജനുവരി 22 വരെ സ്വീകരിക്കും. ഇതിനു പുറമെ അംഗപരിമിതർക്ക് സ്റ്റാളുകൾ സംഘടിപ്പിക്കുന്നതിനും കൊച്ചിയിൽ മൂന്നു ദിവസം താമസ സൗകര്യം ലഭ്യമാക്കാനുമുള്ള പിന്തുണയുമായി വിവിധ സന്നദ്ധ സംഘടനകളും മുന്നോട്ടു വന്നിട്ടുണ്ട്.കൂടുതൽ വിവരങ്ങൾക്ക് 98467 26866; 94467 12721; 94955 49450 .ഇമെയിൽ info@abilitiesindiaexpo.com; വെബ്സൈറ്റ് www.abilitiesindiaexpo.com



ഏഷ്യൻ സ്കൂൾ ഓഫ് ആർക്കിടെക്റ്റർ ആന്റ് ഡിസൈൻ ഇന്നൊവേഷൻസിൽ (ആസാദി) ആരഭിച്ച എം .ആർക്ക് (മാസ്റ്റേഴ്സ് ഓഫ് ആർക്കിടെക്റ്റ്) വിംഗ് വൈറ്റില സിൽവർ സാന്റ് ഐലന്റ് കോളജ് ക്യാംപസിൽ ടി.ജെ വിനോദ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു. ദേവി അജിത്, ടാനിയ റോസ് ജെൽട്ടൺ, പ്രൊഫ. ബി. ആർ അജിത് തുടങ്ങിയവർ സമീപം

## ആർക്കിടെക്റ്റുമാർക്ക് നിർണ്ണായക സ്വാധീനം: ടി.ജെ വിനോദ് എംഎൽഎ

**കൊച്ചി:** നഗര സൗന്ദര്യവൽക്കരണത്തിൽ ആർക്കിടെക്റ്റുമാർക്ക് നിർണ്ണായക സ്വാധീനമാണുള്ളതെന്ന് ടി.ജെ വിനോദ് എംഎൽഎ പറഞ്ഞു. ഏഷ്യൻ സ്കൂൾ ഓഫ് ആർക്കിടെക്റ്റർ ആന്റ് ഡിസൈൻ ഇന്നൊവേഷൻസ് (ആസാദി)ൽ ആരഭിച്ച എം .ആർക്ക് (മാസ്റ്റേഴ്സ് ഓഫ് ആർക്കിടെക്റ്റ്) വിംഗ് വൈറ്റില സിൽവർ സാന്റ് ഐലന്റിലെ കോളജ് ക്യാംപസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആസാദി ചെയർമാൻ ആർക്കിടെക്റ്റ് പ്രൊഫ. ബി. ആർ അജിത് അധ്യക്ഷത വഹിച്ചു. ആസാദി ഫിനാൻസ് ഡയറക്ടർ ദേവി അജിത്, എം ആർക്ക് ഡിപ്പാർട്ട്മെന്റ് ഹെഡ് രോഹിണി പ്രസാദ്, പ്രിൻസിപ്പാൾ ബാൽ ശങ്കർ ഗാർഗേഡ്, എ.സി.ഡി എൻജിനീയർ ടാനിയ റോസ് ജെൽട്ടൺ തുടങ്ങിയവർ സംസാരിച്ചു. ഡിപ്ലോമ ഇൻ ആർക്കിടെക്റ്റ്, ബാച്ചിലർ ഓഫ് ആർക്കിടെക്റ്റ്, മാസ്റ്റേഴ്സ് ഓഫ് ആർക്കിടെക്റ്റ് എന്നിവയുള്ള ഏക സ്ഥാപനമാണ് ഏഷ്യൻ സ്കൂൾ ഓഫ് ആർക്കിടെക്റ്റർ ആന്റ് ഡിസൈൻ ഇന്നൊവേഷൻസ് (ആസാദി).

## വിദ്യാർഥികൾക്ക് സമ്മിറ്റ് ഓഫ് ഫ്യൂച്ചർ 2025

**കൊച്ചി:** കോളജ് വിദ്യാർത്ഥികളുടെ നൂതന ബിസിനസ് ആശയത്തിന്റെ സാധ്യതകൾ പരിശോധിക്കാനും അനുയോജ്യമായതെങ്കിൽ നിക്ഷേപം കണ്ടെത്തുവാനും പിച്ചത്തോണുമായി സമ്മിറ്റ് ഓഫ് ഫ്യൂച്ചർ 2025. 'സുസ്ഥിര ഭാവിക്കായി നവീന ആശയങ്ങളും സംരംഭങ്ങളും ' എന്ന പ്രമേയത്തെ അടിസ്ഥാനമാക്കിയാണ് മത്സരം. ഭാവിതലമുറയുടെ സർഗാത്മകതയും ഇന്നവേഷനും തിരിച്ചറിയുക, അവ യാഥാർത്ഥ്യമാക്കുന്നതിനുള്ള അവസരം ഒരുക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന പിച്ചത്തോണിൽ ബിരുദബിരുദാനന്തര വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം.

വിഷൻ, ക്രിയേറ്റിവിറ്റി, സംരംഭ സാധ്യതകൾ എന്നിവ ഉൾപ്പെടുത്തിയുള്ള ബിസിനസ് ആശയം മത്സരാർത്ഥികൾ ജനുവരി 20 ന് മുമ്പ് സമർപ്പിക്കണം. തെരഞ്ഞെടുക്കുന്ന ആശയങ്ങൾ മുൻനിര നിക്ഷേപകർ, ഇൻഡസ്ട്രി ലീഡേഴ്സ്, ഇന്നവേറ്റേഴ്സ് എന്നിവർ ഉൾപ്പെടുന്ന പാനലിന് മുന്നിൽ അവതരിപ്പിക്കാൻ അവസരമുണ്ടാകും. ഒരു ലക്ഷം രൂപയാണ് മികച്ച സ്റ്റാർട്ടപ് ആശയത്തിന് ലഭിക്കുക. കൊച്ചി ജെയിൻ യൂണിവേഴ്സിറ്റി ആതിഥേയത്വം വഹിക്കുന്ന ഉച്ചകോടി ജനുവരി 25 മുതൽ ഫെബ്രുവരി ഒന്നു വരെയാണ് നടക്കുന്നത്.നിക്ഷേപ സാധ്യതകൾക്ക് പുറമെ മുൻനിര നിക്ഷേപകർ, വ്യവസായ പ്രമുഖർ, വിദഗ്ദ്ധർ എന്നിവരുമായി നല്ല ബന്ധം സ്ഥാപിക്കുവാനും വിദഗ്ദ്ധ ഉപദേശം ലഭിക്കുവാനും വിദ്യാർത്ഥികൾക്ക് അവസരമൊരുക്കുന്നതാണ് പിച്ചത്തോൺ. കൂടാതെ, ആശയങ്ങളുടെ ന്യൂനതകൾ മനസിലാക്കുവാനും വിദഗ്ദ്ധരുടെ മെൻർഷിപ്പിന്റെ സഹായത്താൽ ആശയം കൂടുതൽ നവീകരിക്കാനും ഇതിലൂടെ സാധിക്കും. പിച്ചത്തോൺ കൂടാതെ, സ്കൂൾകോളജ് വിദ്യാർത്ഥികൾക്കായി സ്പീക്ക് ഫോർ ഫ്യൂച്ചർ, റീഇമാജിൻ വേസ്റ്റ്: ട്രാൻസ്ഫോമിങ് ട്രാഷ് ഇൻടു ട്രഷർ എന്നീ മത്സരങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. മൂന്നു മത്സരങ്ങൾക്കും ജനുവരി 20 വരെ അപേക്ഷിക്കാം.

## യൂറോപ്പിലേയ്ക്ക് പ്രവർത്തനം വ്യാപിപ്പിക്കാൻ ഇകാന

**കൊച്ചി/കണ്ണൂർ:** ഇകാന യുറോപ്പിലേയ്ക്കും പ്രവർത്തനം വ്യാപിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി യുകെയിൽ ഇകാനയുടെ കമ്പനി സ്ഥാപിക്കാനുള്ള രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായതായി ഇകാന കോയിൻ ഡിജിറ്റൽ അസറ്റ് ആൻഡ് വെൽത്ത് മാനേജ്മെന്റ് സിഇഒ അഭിഷ് കൃഷ്ണൻ പറഞ്ഞു. നിയമപ്രകാരമുള്ള നികുതിസംബന്ധവും ഇൻകോർപ്പറേഷനുമായി ബന്ധപ്പെട്ട രജിസ്ട്രേഷനുകൾക്കു പുറമെ ബ്ലോക്ക് ചെയിൻ, വാലറ്റ്, എക്സ്ചേഞ്ച്, ബാങ്ക് അക്കൗണ്ട് എന്നിവയും സജ്ജമാക്കിക്കഴിഞ്ഞു. എക്സ്ചേഞ്ചിന്റെ വിപണനം ഉടൻ ആരംഭിക്കും. ആദ്യമായാണ് ഇന്ത്യയിൽ രജിസ്റ്റർ ചെയ്ത ഒരു ക്രിപ്റ്റോ കോയിൻ എക്സ്ചേഞ്ച് യുറോപ്പിലേയ്ക്ക് പ്രവർത്തനം വ്യാപിപ്പിക്കുന്നതെന്നും അഭിഷ് കൃഷ്ണൻ പറഞ്ഞു.സാധാരണക്കാർക്കും സുരക്ഷിതവും സുതാര്യവുമായ ക്രിപ്റ്റോ നിക്ഷേപത്തിന് അവസരമൊരുക്കിയതാണ് ഇകാനയുടെ വളർച്ചയ്ക്കു പിന്നിലെന്നും അദ്ദേഹം പറഞ്ഞു.

## സിഎംഎഫ്ആർഐ വിന്റർ സ്കൂൾ ഉദ്ഘാടനം ഇന്ന്

**കൊച്ചി:** സമുദ്രജീവികളുടെ ജനിതക പഠനവുമായി ബന്ധപ്പെട്ട് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) സംഘടിപ്പിക്കുന്ന വിന്റർ സ്കൂൾ ഇന്ന് രാവിലെ 10.30ന് പത്മശ്രീ ജേതാവ് ഡോ ശോശാമ്മ ഐപ് ഉദ്ഘാടനം ചെയ്യും. വെച്ചൂർ പശു സംരക്ഷണത്തിലൂടെ ശ്രദ്ധേയയായ ഡോ ശോശാമ്മ ഐപ് കേരള വെറ്ററിനറി സർവകലാശാലയിൽ മുൻ അധ്യാപികയും മൃഗ പ്രജനനജനിതക പഠന മേഖലയിൽ വിദഗ്ധയുമാണ്.

കടൽജീവികളുടെ ജീനോം വിശകലനം ഉൾപ്പെടെ ജനിതകപഠന മേഖലയിൽ ഏറ്റവും പുതിയ അറിവും സാങ്കേതികവിദ്യകളും യുവഗവേഷകരെ പരിചയപ്പെടുത്തുന്ന സിഎംഎഫ്ആർഐ വിന്റർ സ്കൂൾ 21 ദിവസം നീണ്ടു നിൽക്കും. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള യുവ ശാസ്ത്രജ്ഞരും സർവകലാശാല അധ്യാപകരുമാണ് പങ്കെടുക്കുന്നത്.






# നൂതന ഹെമറ്റോളജി അനലൈസർ അവതരിപ്പിച്ച് എർബ ട്രാൻസേഷ്യ ഗ്രൂപ്പ്

**കൊച്ചി:** എർബ ട്രാൻസ് ഏഷ്യ ഗ്രൂപ്പ് കൊച്ചിയിൽ നടന്ന ക്ലിനിക്കൽ സിമ്പോസിയത്തിൽ നൂതന ഹെമറ്റോളജി അനലൈസറായ എർബ എച്ച് 7100 അവതരിപ്പിച്ചു. ചെന്നൈ കാവേരി ഹോസ്പിറ്റൽ ലബോറട്ടറി മെഡിസിന് ഗ്രൂപ്പ് ഡയറക്ടർ ഡോ.സി.എൻ ശ്രീനിവാസ് മുഖ്യപ്രഭാഷണം നടത്തി.

കൊരമ്പയിൽ ഹോസ്പിറ്റൽ ലബോറട്ടറി ഡയറക്ടർ ഡോ.ആഷിഖ് സിദ്ദിഖ്, അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് അസിസ്റ്റന്റ് പ്രൊഫസർ ഡോ.റീമ മിറിയ എബ്രഹാം തുടങ്ങിയവർ പ്രഭാഷണം നടത്തി. വിവിധ തരം വിളർച്ചകൾ തമ്മിൽ വേർതിരിച്ചറിയാനും അടിസ്ഥാന സംവിധാനങ്ങളെ അടിസ്ഥാനമാക്കി അവയെ തരംതിരിക്കാനും അതിനനുസരിച്ച് ചികിത്സാതന്ത്രങ്ങൾ ഇഷ്ടാനുസൃതമാക്കാനും ക്ലിനിക്കുകളെ സഹായിക്കുന്ന ഹെമറ്റോളജി അനലൈസറുകളിൽ റെറ്റിക്കുലോസൈറ്റ് പാരാമീറ്ററുകൾ ഉൾപ്പെടുത്തുന്നതിന്റെ ക്ലിനിക്കൽ പ്രാധാന്യമായിരുന്നു സിമ്പോസിയത്തിലെ പ്രധാന ചർച്ച. ഇരുമ്പ് തെറാപ്പി, എറിത്രോപോയിറ്റിൻ നിർവഹണം, രക്തപ്പകർച്ച തുടങ്ങിയ ഇടപെടലുകളുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിനും ഈ നൂതന പാരാമീറ്ററുകൾ സഹായിക്കുന്നു. ഇത് ആത്യന്തികമായി രോഗീപരിചരണം മെച്ചപ്പടുത്തുന്നു. കാലങ്ങളായുള്ള വൃക്കരോഗം, കീമോതെറാപ്പി അനുബന്ധ വിളർച്ച, ഹെമറ്റോളജിക്കൽ അനുബന്ധ മാരകരോഗങ്ങൾ തുടങ്ങിയ അവസ്ഥകളിൽ റെറ്റിക്കുലോസൈറ്റ് പാരാമീറ്ററുകളുടെ രോഗനിർണയ മൂല്യം സിമ്പോസിയം ചൂണ്ടിക്കാണിച്ചു. രോഗപുരോഗതി വിലയിരുത്തുന്നതിനും സങ്കീർണതകൾ മനസിലാക്കുന്നതിനും ചികിത്സാ രീതികൾ ക്രമീകരിക്കുന്നതിനും ഈ പാരാമീറ്ററുകൾ നിരീക്ഷിക്കുന്നത് പ്രധാനമാണ്.എർബ എച്ച് 7100 ഹെമറ്റോളജി ഡയഗ്നോസ്റ്റിക്സിൽ വിപ്ലവം സൃഷ്ടിക്കുമെന്ന് എർബ ട്രാൻസ് ഏഷ്യ ഗ്രൂപ്പ് സ്ഥാപക ചെയർമാൻ സുരേഷ് വസീറാണി പറഞ്ഞു.

# കൊച്ചി മാരത്തോൺ: ആസ്റ്റർ മെഡ്സിറ്റി മെഡിക്കൽ പാർട്ണർ

**കൊച്ചി:** ക്ലിയോസ്പോർട്സിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന മൂന്നാമത് ഫെഡറൽ ബാങ്ക് കൊച്ചി മാരത്തോണിന്റെ ഓദ്യോഗിക മെഡിക്കൽ പാർട്ണറായി ആസ്റ്റർ മെഡ്സിറ്റിയെ പ്രഖ്യാപിച്ചു. തുടർച്ചയായി മൂന്നാം തവണയാണ് ആസ്റ്റർ മെഡ്സിറ്റി മാരത്തോണിന്റെ മെഡിക്കൽ പാർട്ണറാകുന്നത്.ഫെബ്രുവരി ഒമ്പതിന് മറൈൻ ഡ്രൈവിൽ നടക്കുന്ന മാരത്തോണിന്റെ മെഡിക്കൽ ഡയറക്ടറായി ആസ്റ്റർ മെഡ്സിറ്റി എമർജൻസി മെഡിസിൻ വിഭാഗം മേധാവി ഡോ. ജോൺസൺ കെ. വർഗീസ് പ്രവർത്തിക്കും.സർക്കുലർ ഇക്കോണമിയുടെ പ്രോത്സാഹനം ലക്ഷ്യമാക്കിയുള്ള ഫെഡറൽ ബാങ്ക് കൊച്ചി മാരത്തോണിന്റെ മൂന്നാം പതിപ്പിൽ സഹകരിക്കാനാകുന്നതിൽ സന്തോഷമുണ്ടെന്ന് ആസ്റ്റർ മെഡ്സിറ്റി എമർജൻസി മെഡിസിൻ വിഭാഗം മേധാവി ഡോ. ജോൺസൺ കെ. വർഗീസ് പറഞ്ഞു. കഴിഞ്ഞ രണ്ട് സീസണുകളിൽ തയാറാക്കിയപോലെ, മാരത്തോൺ ആരംഭിക്കുന്ന സ്ഥലത്ത് മെഡിക്കൽ ബേസ് ക്യാമ്പും കടന്നുപോകുന്ന മറ്റു പ്രധാന പ്രദേശങ്ങളിൽ സബ്മെഡിക്കൽ സ്റ്റേഷനുകളും ക്ലിയോസ്പോർട്സുമായി ചേർന്ന് കൊണ്ട് സജ്ജീകരിക്കും. മാലിന്യ തോത് കുറച്ചുകൊണ്ട് പരിസ്ഥിതി സംരക്ഷണവും സുസ്ഥിര വികസനവും ഉറപ്പാക്കുന്നതിന് സർക്കുലർ ഇക്കോണമിയുടെ പ്രോത്സാഹനം അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു.ഫെഡറൽ ബാങ്ക് കൊച്ചി മാരത്തോണിന്റെ മെഡിക്കൽ പങ്കാളിയായി മൂന്നാം തവണയും ആസ്റ്റർ മെഡ്സിറ്റി എത്തുന്നതിൽ ഏറെ അഭിമാനമുണ്ടെന്ന് ക്ലിയോസ്പോർട്സ് ഭാരവാഹികളായ ശബരി നായർ, ബൈജു പോൾ, അനീഷ് പോൾ എന്നിവർ പറഞ്ഞു.

## 2034 ഓടെ ഇൻഷുറൻസ് മേഖല അഞ്ച് മടങ്ങ് വളരും

**കൊച്ചി:** പുരോഗമന നിയന്ത്രണ നയങ്ങളും ഡിജിറ്റൽ പരിവർത്തനവും കൊണ്ട് നയിക്കപ്പെടുന്ന ഇന്ത്യയുടെ ഇൻഷുറൻസ് മേഖല പ്രതിരോധശേഷിയുള്ളതും ചലനാത്മകവുമാണെന്ന് എഡൽവെയ്സ് ലൈഫ് ഇൻഷുറൻസിന്റെ എംഡിയും സിഇഒയുമായ സുമിത് റായി.പ്രവേശനക്ഷമതയും ലാളിത്യവും മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് അടുത്ത ദശകത്തിൽ ഈ മേഖല ഗണ്യമായി വളരുമെന്നാണ് പ്രതീക്ഷിക്കുന്നത്.ഗവൺമെന്റിന്റെ നിർദിഷ്ട ഇൻഷുറൻസ് നിയമങ്ങൾ ബിൽ 2024 വ്യവസായ വളർച്ചയെ ത്വരിതപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു, '2047 ഓടെ എല്ലാവർക്കും ഇൻഷുറൻസ്' എന്ന കാഴ്ചപ്പാടിലേക്ക് ഈ മേഖലയെ നയിക്കുമെന്നും അദ്ദേഹം പറഞ്ഞു.

# ഭാവി വ്യവസായങ്ങൾ കെട്ടിപ്പടുക്കുന്നതിൽ കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് നിർണ്ണായക പങ്ക്; വിനോദ് മഞ്ഞില

**കൊച്ചി:** കേരളത്തിന്റെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ സംസ്ഥാനത്തിന്റെ വ്യാവസായിക ഭൂപ്രകൃതിയെ അതിവേഗം മാറ്റികൊണ്ടിരിക്കുകയാണെന്നും സി.ഐ.ഐ കേരള ചെയർമാൻ വിനോദ് മഞ്ഞില. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ സ്വാധീനിക്കുന്ന തരത്തിൽ ഭാവി വ്യവസായങ്ങൾക്ക് വഴിയൊരുക്കുന്നതിൽ നിർണ്ണായക പങ്കാണ് കേരളത്തിന്റെ സ്റ്റാർട്ടപ്പുകൾ വഹിക്കുന്നത്. രാജ്യമാകെ തന്നെ ശ്രദ്ധിക്കും വിധമുള്ള വളർച്ചയാണ് ഈ മേഖലയിൽ കേരളം നടത്തുന്നത്. സമീപകാല റിപ്പോർട്ടുകൾ പ്രകാരം, രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകളുടെ എണ്ണത്തിൽ പ്രതിവർഷം 20% വർദ്ധനവാണ് സംസ്ഥാനത്തുണ്ടാകുന്നത്. നിലവിൽ കേരളത്തിൽ വിവിധ മേഖലകളിലായി 3500 ലധികം സജീവ സംരംഭങ്ങൾ പ്രവർത്തിക്കുന്നു. സംരംഭകത്വത്തിലെ ഈ വലിയ കുതിച്ചുചാട്ടം നവീകരണത്തിനുള്ള കേന്ദ്രമെന്ന നിലയിൽ രാജ്യത്തിനാകെ തന്നെ മാതൃകയായി മാറുന്ന കേരളത്തെയാണ് നമുക്ക് കാട്ടിത്തരുന്നത്.സംരംഭകർക്ക് അവരുടെ ആശയങ്ങൾ പ്രാവർത്തിമാക്കുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ നിർണായക പങ്കാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ്യുഎം) വഹിക്കുന്നത്. ഐഇഡിസി (കോളേജുകൾക്കായുള്ള ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകൾ), വൈഐപി (യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം), ഇൻകുബേഷനും ആക്സിലറേഷനുമുള്ള പ്രോഗ്രാമുകൾ, കോർപ്പറേറ്റ് ഇന്നൊവേഷൻ തുടങ്ങിയ വിവിധ സംസ്ഥാന സർക്കാർ സംരംഭങ്ങൾ കേരളത്തെ സ്റ്റാർട്ടപ്പുകൾക്ക് രാജ്യത്തെ ഏറ്റവും മികച്ച സ്ഥലമാക്കി മാറ്റിയിരിക്കുന്നു. സ്റ്റാർട്ടപ്പുകളുടെ വളർച്ച സംസ്ഥാനത്തെ പലവിധ വ്യവസായങ്ങളിലുടനീളം ഡിജിറ്റൽ പരിവർത്തനത്തെ ത്വരിതപ്പെടുത്തി. ഡിജിറ്റൽ ഉപകരണങ്ങളുടെയും പ്ലാറ്റ്ഫോമുകളുടെയും സ്വീകാര്യത വർദ്ധിച്ചുവരുന്നതോടെ, സാങ്കേതിക നവീകരണം, സുസ്ഥിരത, സാമ്പത്തിക വൈവിധ്യവൽക്കരണം എന്നിവയിലൂടെ ഭാവി വ്യവസായങ്ങൾ കെട്ടിപ്പടുക്കുന്നതിൽ കേരളത്തിലെ സ്റ്റാർട്ടപ്പുകൾ നിർണായക പങ്ക് വഹിക്കുന്നു. ഹെൽത്ത്ടെക്, അഗ്രിടെക്, ഫിൻടെക്, എഡ്യൂടെക്, പുനരുപയോഗ ഊർജ്ജം തുടങ്ങിയ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് നമ്മുടെ സ്റ്റാർട്ടപ്പുകൾ പരമ്പരാഗത വ്യവസായങ്ങളെ പരിവർത്തനം ചെയ്യുകയും, ഹരിത സാങ്കേതികവിദ്യകൾ സൃഷ്ടിക്കുകയും, ഡിജിറ്റൽ പരിഹാരങ്ങളിലൂടെ പ്രവേശനക്ഷമത മെച്ചപ്പെടുത്തുകയും ചെയ്യുന്നു.


വിനോദ് മഞ്ഞില

നമ്മുടെ നാട്ടിലെ വിദ്യാസമ്പന്നരായ യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ സ്റ്റാർട്ടപ്പുകൾ വലിയ പങ്ക് വഹിക്കുന്നു. സാങ്കേതികവിദ്യ, നിർമ്മാണം, മാർക്കറ്റിംഗ്, ഉപഭോക്തൃ പിന്തുണ എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ തൊഴിലവസരങ്ങൾ വാഗ്ദാനം ചെയ്യുന്നതിലൂടെ തൊഴിലില്ലായ്മ നിരക്ക് കുറയ്ക്കാൻ ഈ സംരംഭങ്ങൾ സഹായിക്കുന്നു.

പുതിയ ആശയങ്ങൾ, സാങ്കേതികവിദ്യകൾ, ബിസിനസ്സ് ചെയ്യുന്നതിനുള്ള വഴികൾ എന്നിവ അവതരിപ്പിച്ചുകൊണ്ട് ഭാവിയിലെ വ്യവസായങ്ങളെ രൂപപ്പെടുത്തുന്നതിൽ കേരളത്തിന്റെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയുടെ തുടർച്ചയായ വിജയം നിർണായകമാകും. ഇത് സംസ്ഥാനം വർത്തമാനകാലത്ത് അഭിവൃദ്ധി പ്രാപിക്കുക മാത്രമല്ല, ആഗോള സമ്പദ്വ്യവസ്ഥയിൽ ഒരു പ്രധാനിയായി മാറുന്നതിനും സഹായിക്കും.

